## ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

ദൂത് രണ്ട്

### മറഞ്ഞിരിക്കുന്ന ജീവിതം നയിച്ചുകൊണ്ട് രാജ്യജീവിതം നയിക്കുന്നു

RA *Hymns*: ML161

തിരുവെഴുത്ത് വായന: യെശ. 45:15; 37:31;
മത്താ. 6:2-4, 5-15, 16-18; 14:22-23; സങ്കീ. 42:7; ഉത്തമ. 4:12

യെശ. 45:15 യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവേ, നീ മറഞ്ഞിരിക്കുന്ന ദൈവം ആകുന്നു സത്യം.

യെശ. 37:31 യെഹൂദാഗൃഹത്തിൽ രക്ഷപ്പെട്ട ഒരു ശേഷിപ്പു വീണ്ടും താഴേ വേരൂന്നി മീതെ ഫലം കായിക്കും.

മത്താ. 6:2 ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:3 എന്നാൽ നീ, ഭിക്ഷ കൊടുക്കുമ്പോൾ, നിന്റെ വലങ്കൈ ചെയ്യുന്നത് എന്തെന്നു നിന്റെ ഇടങ്കൈ അറിയരുത്,

മത്താ. 6:4 അങ്ങനെ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കുകയും, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്ക് മടക്കിത്തരുകയും ചെയ്യും.

മത്താ. 6:5 നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

മത്താ. 6:7 പ്രാർഥിക്കുമ്പോൾ നിങ്ങൾ ജാതികളെപ്പോലെ പൊള്ളവാക്കുകൾ ജൽപ്പനം ചെയ്യാതിരിക്കുവിൻ; എന്തെന്നാൽ തങ്ങളുടെ വാക്കുകളുടെ ആധിക്യത്തിൽ അവരെ കേൾക്കുമെന്ന് അവർ കരുതുന്നു.

മത്താ. 6:8 അതുകൊണ്ട് നിങ്ങൾ അവരെപ്പോലെ ആകരുത്, നിങ്ങളുടെ പിതാവ് നിങ്ങൾക്ക് ആവശ്യമുള്ള കാര്യങ്ങളെ നിങ്ങൾ അവനോടു ചോദിക്കുംമുമ്പേ അറിയുന്നുവല്ലോ.

മത്താ. 6:9 അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും

നടപ്പാക്കേണമേ.

മത്താ. 6:11 അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നൽകേണമേ.

മത്താ. 6:12 ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ.

മത്താ. 6:13 ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ.

മത്താ. 6:14 എന്തെന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിച്ചാൽ, നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും;

മത്താ. 6:15 എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കാതിരുന്നാൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെയും ക്ഷമിക്കുകയില്ല.

മത്താ. 6:16 നിങ്ങൾ ഉപവസിക്കുമ്പോൾ, വിഷാദമുഖമുള്ള കപടഭക്തിക്കാരെപ്പോലെ ആകരുത്, എന്തെന്നാൽ അവർ ഉപവസിക്കുന്നതായി മനുഷ്യർക്കു പ്രത്യക്ഷമാകുവാൻ തക്കവണ്ണം തങ്ങളുടെ മുഖങ്ങളെ വിരൂപമാക്കുന്നു. തങ്ങളുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:17 എന്നാൽ നീ ഉപവസിക്കുമ്പോൾ നിന്റെ തലയെ അഭിഷേകം ചെയ്തു നിന്റെ മുഖം കഴുകുക,

മത്താ. 6:18 മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിനു നീ ഉപവസിക്കുന്നതായി പ്രത്യക്ഷമാകുവാൻ തക്കവണ്ണം തന്നെ; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് മടക്കിത്തരും.

മത്താ. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

സങ്കീ. 42:7 നിന്റെ നീർച്ചാട്ടങ്ങളുടെ ഇരെച്ചലാൽ ആഴി ആഴിയെ വിളിക്കുന്നു; നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെ മീതെ കടന്നുപോകുന്നു.

ഉത്ത. 4:12 എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു.

**I. കർത്താവ് സ്വകാര്യമായി പ്രാർഥിക്കുവാൻ മലയിലേക്ക് കയറിപ്പോയ കാര്യത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം ജീവിച്ചതിന്റെ മാതൃകയിൽനിന്ന് നാം പഠിക്കേണ്ടതാവശ്യമാണ്—മത്താ. 14:23; പ്ര.നി. ലൂക്കൊ. 6:12:**

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

ലൂക്കൊ. 6:12 ഈ നാളുകളിൽ അവൻ പ്രാർഥിക്കുവാനായി മലയിലേക്കു പോയി, രാത്രി മുഴുവൻ ദൈവത്തോടു പ്രാർഥനയിൽ ചെലവഴിച്ചു.

A. അത്ഭുതത്തിന്റെ ഫലമായി, (സ്ത്രീകളും കുട്ടികളും ഒഴികെയുള്ള അയ്യായിരം പുരുഷന്മാർക്ക് ഭക്ഷണം നൽകിയ അത്ഭുതം), കർത്താവ്

പുരുഷാരത്തോടുകൂടെ നിന്നില്ല, എന്നാൽ മലമുകളിൽ പിതാവിനോടുള്ള പ്രാർഥനയിലായിരിക്കുവാൻ അവൻ സ്വകാര്യമായി അവരിൽനിന്ന് ദൂരേക്കു പോയി—മത്താ. 14:14-23:

മത്താ. 14:14 അവൻ പോകവേ, വലിയൊരു പുരുഷാരത്തെ കണ്ടു, അവന് അവരോടു മനസ്സലിവുണ്ടാകുകയും അവരുടെ രോഗികളെ സൗഖ്യമാക്കുകയും ചെയ്തു.

മത്താ. 14:15 വൈകുന്നേരം ആയപ്പോൾ ശിഷ്യന്മാർ, ഈ സ്ഥലം വിജനമാകുന്നു, നാഴിക ഇതിനകം വൈകിയുമിരിക്കുന്നു. പുരുഷാരം ഗ്രാമങ്ങളിലേക്കു പോയി തങ്ങൾക്കുള്ള ഭക്ഷണം വാങ്ങുവാൻ തക്കവണ്ണം അവരെ പറഞ്ഞയയ്ക്കേണം എന്നു പറഞ്ഞുകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 14:16 എന്നാൽ യേശു അവരോട്, അവർ പോകേണ്ട ആവശ്യമില്ല. നിങ്ങൾ അവർക്കു വല്ലതും ഭക്ഷിക്കുവാൻ കൊടുക്കുവിൻ എന്നു പറഞ്ഞു.

മത്താ. 14:17 അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ ഇവിടെ ഞങ്ങൾക്കൊന്നുമില്ല എന്നു അവർ അവനോടു പറഞ്ഞു.

മത്താ. 14:18 അവൻ അവരോട്, അവയെ ഇവിടെ എന്റെ അടുക്കൽ കൊണ്ടു വരുവിൻ എന്നു പറഞ്ഞു.

മത്താ. 14:19 പുരുഷാരത്തോട് പുല്ലിന്മേൽ ഭക്ഷണത്തിന് ഇരിക്കുവാൻ കൽപ്പിച്ച ശേഷം, അവൻ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു, സ്വർഗത്തിലേക്കു നോക്കിക്കൊണ്ട് അപ്പത്തെ അനുഗ്രഹിച്ച്, നുറുക്കി ശിഷ്യന്മാർക്കും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു.

മത്താ. 14:20 അവർ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. നുറുക്കുകളിൽ ശേഷിച്ചവയെ, അവർ പന്ത്രണ്ടു ചെറുകുട്ടകൾ നിറയെ എടുത്തു.

മത്താ. 14:21 ഭക്ഷിച്ചവരോ സ്ത്രീകളെയും കുട്ടികളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

മത്താ. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

1. പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കുവാൻ കൂടുതൽ സമയം ഉണ്ടായിരിക്കേണ്ടതിന്, തന്നെ വിട്ടുപോകുവാൻ കർത്താവ് ശിഷ്യന്മാരെ നിർബന്ധിച്ചു—വാ. 22-23.

   മത്താ. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

   മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

2. സ്വർഗരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി താൻ ഭൂമിയിൽ ചെയ്ത എല്ലാ കാര്യങ്ങളിലും താൻ പിതാവിനോടും പിതാവ് തന്നോടും ഒന്നായിരിക്കേണ്ടതിന് സ്വർഗത്തിലുള്ള തന്റെ പിതാവിനോട് അവൻ സ്വകാര്യമായി പ്രാർഥിക്കണമായിരുന്നു; പിതാവിനെ ബന്ധപ്പെടുവാൻ അവൻ തനിച്ചായിരിക്കത്തക്കവണ്ണം എല്ലാ ജനത്തെയും, ശിഷ്യന്മാരെപ്പോലും, വിട്ടുകളഞ്ഞുകൊണ്ട് അവൻ ഇത് ചെയ്തത് ആ വിജനമായ സ്ഥലത്തല്ല, മലയിലായിരുന്നു.

B. നാം മൂന്ന് പദപ്രയോഗങ്ങൾ അമൂല്യമായി കരുതണം—*പിതാവിനോടുകൂടെയായിരിക്കുവാൻ, മലയിൽ, പ്രാർഥനയിൽ*:

1. മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുന്നത് നല്ലതാണ്, എന്നാൽ പലപ്പോഴും നാം തനിയെ പ്രാർഥിക്കണം; നാം മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുമ്പോൾ, നാം കർത്താവിനോട് സ്വകാര്യമായി പ്രാർഥിക്കുന്നതുപോലെ ആഴത്തിൽ കർത്താവിനെ ആസ്വദിക്കുവാൻ കഴിയുകയില്ല.

2. നാം പ്രാർഥിക്കുമ്പോൾ സ്വകാര്യമായി വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർഥിക്കണമെന്ന് കർത്താവായ യേശുവും നമ്മോട് പറഞ്ഞിട്ടുണ്ട് (6:6); അപ്പോൾ അവൻ നമ്മോട് എത്രമാത്രം ദൃഢബദ്ധനാണെന്നും നാം അവന് എത്രമാത്രം അടുപ്പമുള്ളവരാണെന്നുമുള്ള അനുഭൂതി നമുക്കുണ്ടാകും.

   മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

3. പുരുഷാരത്തെയും, നമ്മുടെ കുടുംബത്തെയും, നമ്മുടെ സുഹൃത്തുക്കളെയും, സഭയിലെ വിശുദ്ധന്മാരെയും വിട്ട് ഒരു "ഉയർന്ന മലയിൽ" ഒരു ഉന്നത തലത്തിലേക്ക് പോകുവാൻ നാം പഠിക്കണം; പുരുഷാരത്തിൽനിന്നും ഭൗമിക കാര്യങ്ങളിൽനിന്നും വേർപെട്ട്, പിതാവുമായി സ്വകാര്യമായും രഹസ്യമായും ഉറ്റ കൂട്ടായ്മ ഉണ്ടായിരിക്കേണ്ടതിന് നാം ഉന്നതമായ തലത്തിലേക്ക് കടക്കേണ്ടതുണ്ട്.

II. **കൊടുക്കുക (വാ. 2-4), പ്രാർഥിക്കുക (വാ. 5-15), ഉപവസിക്കുക (വാ. 16-18) തുടങ്ങിയ പ്രവൃത്തികളിൽ മനുഷ്യരുടെ മുമ്പിൽ തങ്ങളുടെ നീതിപ്രവൃത്തികൾ ചെയ്യാതെ, മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുക എന്നതാണ് രാജ്യജനത്തിന്റെ തത്ത്വം:**

മത്താ. 6:2 ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:3 എന്നാൽ നീ, ഭിക്ഷ കൊടുക്കുമ്പോൾ, നിന്റെ വലങ്കൈ ചെയ്യുന്നത് എന്തെന്നു നിന്റെ ഇടങ്കൈ അറിയരുത്,

മത്താ. 6:4 അങ്ങനെ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കുകയും, രഹസ്യത്തിൽ

കാണുന്ന നിന്റെ പിതാവു നിനക്ക് മടക്കിത്തരുകയും ചെയ്യും.

മത്താ. 6:5 നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

മത്താ. 6:7 പ്രാർഥിക്കുമ്പോൾ നിങ്ങൾ ജാതികളെപ്പോലെ പൊള്ളവാക്കുകൾ ജൽപ്പനം ചെയ്യാതിരിക്കുവിൻ; എന്തെന്നാൽ തങ്ങളുടെ വാക്കുകളുടെ ആധിക്യത്തിൽ അവരെ കേൾക്കുമെന്ന് അവർ കരുതുന്നു.

മത്താ. 6:8 അതുകൊണ്ട് നിങ്ങൾ അവരെപ്പോലെ ആകരുത്, നിങ്ങളുടെ പിതാവ് നിങ്ങൾക്ക് ആവശ്യമുള്ള കാര്യങ്ങളെ നിങ്ങൾ അവനോടു ചോദിക്കുംമുമ്പേ അറിയുന്നുവല്ലോ.

മത്താ. 6:9 അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

മത്താ. 6:11 അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നൽകേണമേ.

മത്താ. 6:12 ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ.

മത്താ. 6:13 ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ.

മത്താ. 6:14 എന്തെന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിച്ചാൽ, നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും;

മത്താ. 6:15 എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കാതിരുന്നാൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെയും ക്ഷമിക്കുകയില്ല.

മത്താ. 6:16 നിങ്ങൾ ഉപവസിക്കുമ്പോൾ, വിഷാദമുഖമുള്ള കപടഭക്തിക്കാരെപ്പോലെ ആകരുത്, എന്തെന്നാൽ അവർ ഉപവസിക്കുന്നതായി മനുഷ്യർക്കു പ്രത്യക്ഷമാകുവാൻ തക്കവണ്ണം തങ്ങളുടെ മുഖങ്ങളെ വിരൂപമാക്കുന്നു. തങ്ങളുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:17 എന്നാൽ നീ ഉപവസിക്കുമ്പോൾ നിന്റെ തലയെ അഭിഷേകം ചെയ്തു നിന്റെ മുഖം കഴുകുക,

മത്താ. 6:18 മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിനു നീ ഉപവസിക്കുന്നതായി പ്രത്യക്ഷമാകുവാൻ തക്കവണ്ണം തന്നെ; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് മടക്കിത്തരും.

A. മൂന്ന് ദൃഷ്ടാന്തങ്ങളിൽ ഓരോന്നിനെയും സംബന്ധിച്ച്, *രഹസ്യം* എന്ന പദം കർത്താവ് ഉപയോഗിച്ചു (വാ. 4, 6, 18); നമ്മുടെ പിതാവ് രഹസ്യത്തിലാണ്, അവൻ രഹസ്യത്തിൽ കാണുന്നു; സ്വർഗീയ പിതാവിന്റെ മക്കളായ രാജ്യജനം പിതാവിന്റെ രഹസ്യത്തിലുള്ളതും മറഞ്ഞിരിക്കുന്നതുമായ സാന്നിധ്യത്തിനുവേണ്ടി കരുതണം.

മത്താ. 6:4 അങ്ങനെ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കുകയും, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്ക് മടക്കിത്തരുകയും ചെയ്യും.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

മത്താ. 6:18 മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിനു നീ ഉപവസിക്കുന്നതായി പ്രത്യക്ഷമാകുവാൻ തക്കവണ്ണം തന്നെ; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് മടക്കിത്തരും.

B. ശൂന്യമാക്കപ്പെട്ടതും താഴ്മയുമുള്ളതുമായ ആത്മാവിൽ ജീവിക്കുകയും, രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ ശുദ്ധവും ഏകാഗ്രവുമായ ഹൃദയത്തോടെ നടക്കുകയും ചെയ്യുന്ന രാജ്യജനത്തിന്, മനുഷ്യരുടെ പുകഴ്ചയ്ക്കായി ജഡത്തിൽ യാതൊന്നും ചെയ്യുവാൻ അനുവാദമില്ല, പിന്നയോ എല്ലാ കാര്യങ്ങളും അവരുടെ സ്വർഗീയ പിതാവിനെ പ്രസാദത്തിനുവേണ്ടി ആത്മാവിൽ ചെയ്യണം—5:3, 8.

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

C. നമ്മുടെ നീതിപ്രവൃത്തികൾ രഹസ്യമായി ചെയ്യുന്നതിന്റെ ഫലം ജഡവും സ്വയവും കൊല്ലപ്പെടുന്നു എന്നതാണ്; സമൂഹത്തിലെയും അധഃപതിച്ച ക്രൈസ്തവലോകത്തിലെയും ആളുകളെ അവരുടെ നല്ല പ്രവൃത്തികളുടെ ഒരു പ്രദർശനം നടത്തുവാൻ അനുവദിക്കുന്നില്ലെങ്കിൽ, അവർ അത് ചെയ്യുകയില്ല; സ്വയം മഹത്വപ്പെടുവാൻ ഇഷ്ടപ്പെടുകയും, ജഡം അതിന്മേൽ നോക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

D. പരസ്യമായി വളരുന്ന വിശുദ്ധന്മാർ ആരോഗ്യകരമായ രീതിയിൽ വളരുന്നില്ല; നമുക്കെല്ലാവർക്കും ജീവനിൽ ചില രഹസ്യ വളർച്ച, ചില രഹസ്യ ക്രിസ്താനുഭവങ്ങൾ ആവശ്യമാണ്; നാം രഹസ്യമായ രീതിയിൽ കർത്താവിനോട് പ്രാർഥിക്കുകയും, കർത്താവിനെ ആരാധിക്കുകയും, കർത്താവിനെ ബന്ധപ്പെടുകയും, കർത്താവുമായി കൂട്ടായ്മ ആചരിക്കുകയും വേണം.

E. നാം വളരെയധികം പ്രാർഥിക്കണം, എന്നാൽ നാം എത്രമാത്രം പ്രാർഥിക്കുന്നു എന്ന് മറ്റുള്ളവരെ അറിയിക്കരുത്; മറ്റുള്ളവരോട് പറയാതെയും അതിനെക്കുറിച്ച് അവരെ അറിയിക്കാതെയും നാം എല്ലാ ദിവസവും പ്രാർഥിക്കുന്നുവെങ്കിൽ, അതിനർഥം നാം ആരോഗ്യമുള്ളവരാണെന്നും നാം വളരുകയാണെന്നുമാണ്.

F. തങ്ങളുടെ സ്വർഗീയ പിതാവിനെ രഹസ്യത്തിൽ ബന്ധപ്പെടുകയും, പിതാവിന്റെ ചില രഹസ്യ ആസ്വാദനം അനുഭവിക്കുകയും, അവനിൽനിന്നും ചില രഹസ്യ ഉത്തരം ലഭിക്കുകയും ചെയ്തുകൊണ്ട് രാജ്യജനത്തിന് അവരുടെ സ്വകാര്യ മുറിയിൽ പ്രാർഥനയുടെ കുറച്ച് അനുഭവം ഉണ്ടായിരിക്കണം—6:6.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

G. നമ്മുടെ നീതിപ്രവൃത്തികളിൽ നമ്മെത്തന്നെ നാം പ്രദർശിപ്പിക്കുന്ന ഏതു സമയത്തും നാം ആരോഗ്യമുള്ളവരല്ല; അങ്ങനെയുള്ള ഒരു പ്രദർശനം ജീവനിലുള്ള നമ്മുടെ വളർച്ചയെ വളരെയധികം തടസ്സപ്പെടുത്തുന്നു.

H. നമ്മുടെ മനുഷ്യജീവിതം ഒരു പ്രദർശനം, ഒരു പൊതുപ്രദർശനം നടത്തുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ ദൈവത്തിന്റെ ജീവൻ എപ്പോഴും മറഞ്ഞിരിക്കുന്നു; ഉള്ളിൽ ഒന്നുമില്ലാതെ ബാഹ്യപ്രകടനം നടത്തുന്നവനാണ് ഒരു കപടഭക്തൻ.

I. നമ്മുടെ സ്വാഭാവിക ജീവനിൽ നമുക്കൊരിക്കലും രഹസ്യത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം അനുഷ്ഠിക്കുവാൻ കഴിയുകയില്ല; അത് ദിവ്യ ജീവനിൽ മാത്രമേ, ഒരു പ്രദർശനം നടത്തുന്നത് ആസ്വദിക്കാത്ത ജീവനിൽ മാത്രമേ സാധിക്കുകയുള്ളൂ; രാജ്യജനമായിരിക്കുന്നതിനെക്കുറിച്ച് നാം ഗൗരവമുള്ളവരാണെങ്കിൽ, നമ്മുടെ പിതാവിന്റെ മറഞ്ഞിരിക്കുന്ന ജീവനാൽ ജീവിക്കുവാൻ നാം പഠിക്കണം.

J. ദൈവം മറഞ്ഞിരിക്കുന്നവനാണെന്ന്, ദൈവം രഹസ്യവാനാണെന്ന്, പ്രപഞ്ചം സൂചിപ്പിക്കുന്നു; ദൈവസ്നേഹത്താൽ നാം മറ്റുള്ളവരെ സ്നേഹിക്കുന്നുവെങ്കിൽ, ഈ സ്നേഹം എല്ലായ്പോഴും മറഞ്ഞിരിക്കും.

**III."യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവേ നീ മറഞ്ഞിരിക്കുന്ന ദൈവം ആകുന്നു സത്യം"—യെശ. 45:15:**

A. ദൈവത്തെ സർവശക്തനായും, നീതിമാനായും, കൃപയും മനസ്സലിവും നിറഞ്ഞവനായും വിശ്വാസികൾ അറിയുന്നുവെങ്കിലും, തന്നെത്തന്നെ മറയ്ക്കുന്നവനെന്ന നിലയിൽ അവൻ അവർക്ക് അറിയപ്പെടാത്തവനാകുന്നു.

B. ദൈവം തന്റെ ജനത്തിന്റെ ഇടയിൽ എണ്ണമറ്റ കാര്യങ്ങളും, അവരുടെ വ്യക്തിപരമായ ജീവിതത്തിൽ എണ്ണമറ്റ കാര്യങ്ങളും ചെയ്യുന്നുവെങ്കിലും, അവൻ അവനെത്തന്നെ മറയ്ക്കുന്നു:

1. ദൈവം മറഞ്ഞിരിക്കുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ നാം പ്രദർശിപ്പിക്കുവാൻ ഇഷ്ടപ്പെടുന്നു; ദൈവം ബാഹ്യപ്രകടനങ്ങൾ കൊതിക്കുന്നില്ല, എന്നാൽ നമുക്ക് അവയെ കൂടാതെ തൃപ്തരായിരിക്കുവാൻ കഴിയില്ല.
2. ദൈവം വ്യക്തമായും കർമേൽ പർവതത്തിൽ ഏലിയാവിനോടുകൂടെ ഉണ്ടായിരുന്നു, എന്നാൽ ദൈവം തന്റെ പ്രത്യക്ഷ സാന്നിധ്യം

പിടിച്ചുവച്ചപ്പോൾ, ഏലിയാവിന് അത് സഹിക്കുവാൻ കഴിഞ്ഞില്ല—1 രാജാ. 19:9-18:

1 രാജാ. 19:9 അവിടെ അവൻ ഒരു ഗുഹയിൽ കടന്നു രാപാർത്തു; അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി, അവനോടു: ഏലീയാവേ, ഇവിടെ നിനക്കു എന്തു കാര്യം എന്നു ചോദിച്ചു.

1 രാജാ. 19:10 അതിന്നു അവൻ: സൈന്യങ്ങളുടെ ദൈവമായ യഹോവെക്കു വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു നിന്റെ യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു.

1 രാജാ. 19:11 നീ പുറത്തു വന്നു പർവ്വതത്തിൽ യഹോവയുടെ മുമ്പാകെ നിൽക്ക എന്നു അവൻ കല്പിച്ചു. അപ്പോൾ ഇതാ യഹോവ കടന്നുപോകുന്നു; ശക്തിയുള്ള ഒരു കൊടുങ്കാറ്റു യഹോവയുടെ മുമ്പിൽ പർവ്വതങ്ങളെ കീറി പാറകളെ തകർത്തു; എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു; കാറ്റിന്റെ ശേഷം ഒരു ഭൂകമ്പം ഉണ്ടായി; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു.

1 രാജാ. 19:12 ഭൂകമ്പത്തിന്റെ ശേഷം ഒരു തീ; തീയിലും യഹോവ ഇല്ലായിരുന്നു; തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി.

1 രാജാ. 19:13 ഏലീയാവു അതു കേട്ടിട്ടു തന്റെ പുതപ്പുകൊണ്ടു മുഖം മൂടി പുറത്തു വന്നു ഗുഹാമുഖത്തുനിന്നു: ഏലീയാവേ, ഇവിടെ നിനക്കു എന്തു കാര്യം എന്നു ചോദിക്കുന്ന ഒരു ശബ്ദം അവൻ കേട്ടു.

1 രാജാ. 19:14 അതിന്നു അവൻ: സൈന്യങ്ങളുടെ ദൈവമായ യഹോവെക്കു വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു, നിന്റെ യാഗപീഠങ്ങളെ ഇടിച്ചു, നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; എനിക്കും അവർ ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു.

1 രാജാ. 19:15 യഹോവ അവനോടു അരുളിച്ചെയ്തതെന്തെന്നാൽ: നീ പുറപ്പെട്ടു ദമ്മേശെക്കിന്റെ മരുഭൂമിവഴിയായി മടങ്ങിപ്പോക; നീ എത്തുമ്പോൾ ഹസായേലിനെ അരാമിന്നു രാജാവായിട്ടു അഭിഷേകം ചെയ്ക.

1 രാജാ. 19:16 നിംശിയുടെ മകനായ യേഹൂവിനെ യിസ്രായേലിന്നു രാജാവായിട്ടു അഭിഷേകം ചെയ്യേണം; ആബേൽ-

മെഹോലയിൽനിന്നുള്ള സാഫാത്തിന്റെ മകനായ എലീശയെ നിനക്കു പകരം പ്രവാചകനായിട്ടു അഭിഷേകം ചെയ്കയും വേണം.

1 രാജാ. 19:17 ഹസായേലിന്റെ വാളിന്നു തെറ്റിപ്പോകുന്നവനെ യേഹൂ കൊല്ലും; യേഹൂവിന്റെ വാളിന്നു തെറ്റിപ്പോകുന്നവനെ എലീശാ കൊല്ലും.

1 രാജാ. 19:18 എന്നാൽ ബാലിന്നു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായുമുള്ളവരായി ആകെ ഏഴായിരംപേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു.

a. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന ഒരു ദൈവമായിരിക്കുവാൻ ഏലിയാവ് ആഗ്രഹിച്ചുവെന്ന് ദൈവത്തിന് അറിയാമായിരുന്നു; ദൈവം അവനെത്തന്നെ മറയ്ക്കുന്ന ദൈവമാണെന്ന് അവൻ തിരിച്ചറിഞ്ഞില്ല.

b. വലുതും ശക്തവുമായ കാറ്റിൽ ദൈവം ഉണ്ടായിരുന്നില്ല, അവൻ ഭൂകമ്പത്തിൽ ഉണ്ടായിരുന്നില്ല, അവൻ തീയിലും ഉണ്ടായിരുന്നില്ല; പകരം, ദൈവം ഏലിയാവിനോട് “സാവധാനത്തിൽ ഒരു മൃദുസ്വരത്തിൽ” സംസാരിച്ചു—വാ. 12.

1 രാജാ. 19:12 ഭൂകമ്പത്തിന്റെ ശേഷം ഒരു തീ; തീയിലും യഹോവ ഇല്ലായിരുന്നു; തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി.

c. ദൈവം ഏലിയാവിനോട് സാവധാനത്തിൽ ഒരു മൃദുസ്വരത്തിൽ സംസാരിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത്, ദൈവം തന്റെ ജനത്തോട് ഇടിമുഴക്കത്തിലൂടെയല്ലാതെ സാവധാനത്തിലും മൃദുസ്വരത്തിലും സംസാരിക്കുന്ന പുതിയനിയമ യുഗത്തിലേക്ക് ഏലിയാവിനെ നയിക്കുകയായിരുന്നു എന്നാണ്—പ്ര.നി. 1 യോഹ. 2:27.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

d. താൻ മാത്രമാണ് വിശ്വസ്തനായി ശേഷിക്കുന്നതെന്ന് ഏലിയാവ് ദൈവത്തോടു പറഞ്ഞു, എന്നാൽ ബാലിന് മുട്ടുമടക്കാത്ത ഏഴായിരംപേരെ തനിക്കായി നീക്കിവച്ചിട്ടുണ്ടെന്ന് ദൈവം ഏലിയാവിനോട് വളരെ ശാന്തമായി ഉത്തരം നൽകി—1 രാജാ. 19:18; പ്ര.നി. റോമ. 11:2-5.

1 രാജാ. 19:18 എന്നാൽ ബാലിന്നു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായുമുള്ളവരായി ആകെ ഏഴായിരംപേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു.

റോമ. 11:2 ദൈവം താൻ മുന്നറിഞ്ഞ തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല. ഏലിയാവിനെ സംബന്ധിച്ച ഭാഗത്തിൽ തിരുവെഴുത്ത് എന്ത് പറയുന്നു, എപ്രകാരം അവൻ യിസ്രായേലിനെതിരായി ദൈവത്തോട് അപേക്ഷിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

റോമ. 11:3 "കർത്താവേ, അവർ നിന്റെ പ്രവാചകന്മാരെ കൊന്നു, നിന്റെ യാഗപീഠങ്ങളെ അവർ ഇടിച്ചുകളഞ്ഞു; ഞാൻ മാത്രം ശേഷിച്ചിരിക്കുകയും, അവർ എന്റെ ജീവനെ അന്വേഷിക്കുകയും ചെയ്യുന്നു."

റോമ. 11:4 എന്നാൽ ദിവ്യ അരുളപ്പാട് അവനോട് എന്ത് പറയുന്നു? "ബാലിന് മുട്ടുകുത്താത്ത ഏഴായിരം പുരുഷന്മാരെ ഞാൻ എനിക്കുവേണ്ടി കരുതിയിരിക്കുന്നു."

റോമ. 11:5 അങ്ങനെ ഈ കാലത്തും അതേ രീതിയിൽ കൃപയുടെ തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പ് നിലവിൽ വന്നിരിക്കുന്നു.

e. തനിക്ക് കാണുവാൻ കഴിഞ്ഞിരുന്നതിനെക്കൊണ്ടു മാത്രമാണ് ഏലിയാവ് സാഹചര്യത്തെ കണക്കുകൂട്ടിയത്, എന്നാൽ ദൈവം അവനെത്തന്നെ മറയ്ക്കുന്ന ദൈവമാണ്; ബാലിന് മുട്ടുമടക്കാത്ത ഏഴായിരം ജയാളികളെ ദൈവം തനിക്കായി രഹസ്യത്തിൽ കരുതിവച്ചിരുന്നു; അതിനെക്കുറിച്ച് ഏലിയാ പ്രവാചകനുപോലും ഒന്നും അറിയാത്ത വിധം ദൈവത്തിന്റെ പ്രവർത്തനം അത്രമാത്രം മറഞ്ഞിരുന്നു.

C. ആഡംബരം ഇഷ്ടപ്പെടാത്ത വിധത്തിലുള്ള സ്വഭാവം ദൈവത്തിനുണ്ടെന്ന് തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നു; പരസ്യമായി പ്രവർത്തിക്കുന്നതിനെക്കാൾ രഹസ്യമായി പ്രവർത്തിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നു—മത്താ. 17:1-9; യോഹ. 20:14-17; ലൂക്കൊ. 24:13-37; യോഹ. 20:24-29; യെശ. 39:2-8:

മത്താ. 17:1 ആറു ദിവസങ്ങൾക്കുശേഷം യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടിക്കൊണ്ട് സ്വകാര്യമായി അവരെ ഒരു ഉയർന്ന മലയിലേക്കു കൊണ്ടുവന്നു.

മത്താ. 17:2 അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.

മത്താ. 17:3 ഇതാ, മോശെയും ഏലീയാവും, അവനോടു സംഭാഷിക്കുന്നതായി അവർക്കു പ്രത്യക്ഷമായി.

മത്താ. 17:4 പത്രൊസ് ഉത്തരം നൽകി യേശുവിനോട്, കർത്താവേ, നമുക്ക് ഇവിടെ ആയിരിക്കുന്നത് നല്ലത്; നീ ഇച്ഛിക്കുന്നു എങ്കിൽ ഇവിടെ മൂന്നു കൂടാരങ്ങൾ ഞാൻ ഉണ്ടാക്കാം, ഒന്ന് നിനക്കും, ഒന്ന് മോശെക്കും, ഒന്ന് ഏലീയാവിനും എന്നു പറഞ്ഞു.

മത്താ. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ,

പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

മത്താ. 17:6 ശിഷ്യന്മാർ ഇതു കേട്ടതും കവിണ്ണുവീണ്, അത്യന്തം ഭയപ്പെട്ടു.

മത്താ. 17:7 യേശുവോ അവരുടെ അടുക്കൽ വന്ന് അവരെ തൊട്ടു, എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട എന്നു പറഞ്ഞു.

മത്താ. 17:8 അവർ തങ്ങളുടെ കണ്ണുകൾ ഉയർത്തിയപ്പോൾ, യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

മത്താ. 17:9 അവർ മലയിൽനിന്ന് ഇറങ്ങവേ യേശു, മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുംവരെ ഈ ദർശനം ആരോടും പറയരുത് എന്ന് അവരോടു കൽപ്പിച്ചു.

യോഹ. 20:14 ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവൾ പിന്നിലേക്ക് തിരിഞ്ഞ്, യേശു നിൽക്കുന്നതു കണ്ടു, എങ്കിലും അത് യേശുവാകുന്നു എന്ന് അവൾ അറിഞ്ഞില്ല.

യോഹ. 20:15 യേശു അവളോട്, സ്ത്രീയേ, നീ എന്തിനു കരയുന്നു? നീ ആരെ അന്വേഷിക്കുന്നു? എന്നു ചോദിച്ചു. അവൻ തോട്ടക്കാരൻ എന്നു കരുതി, അവൾ, യജമാനനേ, നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ, അവനെ എവിടെ വച്ചിരിക്കുന്നു എന്ന് എന്നോട് പറയേണം, ഞാൻ അവനെ എടുത്തുകൊണ്ടുപോയ്ക്കൊള്ളാം എന്നു പറഞ്ഞു.

യോഹ. 20:16 യേശു അവളോട്, മറിയയേ! എന്നു പറഞ്ഞു. അവൾ തിരിഞ്ഞ് അവനോട് എബ്രായ ഭാഷയിൽ, റബ്ബൂനി! (അതിനു ഗുരു എന്നർഥമാകുന്നു) എന്നു പറഞ്ഞു.

യോഹ. 20:17 യേശു അവളോട്, എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല; എന്നാൽ എന്റെ സഹോദരന്മാരുടെ അടുക്കൽ പോയി അവരോട്, എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കലേക്ക് ഞാൻ ആരോഹണം ചെയ്യുന്നു എന്നു പറയുക.

ലൂക്കൊ. 24:13 അതേ ദിവസംതന്നെ ഇതാ, അവരിൽ രണ്ടു പേർ, യെരൂശലേമിൽനിന്ന് അറുപതു സ്റ്റഡിയ ദൂരമുള്ള, എമ്മവുസ്സ് എന്നു പേരുള്ള ഗ്രാമത്തിലേക്കു പോകുകയായിരുന്നു.

ലൂക്കൊ. 24:14 ഈ സംഭവിച്ച എല്ലാ കാര്യങ്ങളെയും കുറിച്ചു അവർ പരസ്പരം സംസാരിക്കുകയായിരുന്നു.

ലൂക്കൊ. 24:15 അവർ സംസാരിച്ച് ചർച്ച ചെയ്യുമ്പോൾ, യേശു താൻ അടുക്കൽ വരുകയും അവരോടൊപ്പം പോകുകയും ചെയ്തു.

ലൂക്കൊ. 24:16 എന്നാൽ അവരുടെ കണ്ണുകൾ അവനെ തിരിച്ചറിയാതിരിക്കുവാൻ തക്കവണ്ണം മറയ്ക്കപ്പെട്ടിരുന്നു.

ലൂക്കൊ. 24:17 അവൻ അവരോട്, നിങ്ങൾ നടക്കുമ്പോൾ അന്യോന്യം കൈമാറുന്ന ഈ വാക്കുകൾ എന്താകുന്നു? എന്നു ചോദിച്ചു. അവർ

വാടിയ മുഖത്തോടെ, നിശ്ചലമായി നിന്നു.

ലൂക്കൊ. 24:18 ക്ലെയൊപ്പാവ് എന്നു പേരുള്ള ഒരുവൻ അവനോട്, നീ ഒരുവൻ മാത്രം യെരൂശലേമിൽ അപരിചിതനായി പാർക്കുകയും ഈ നാളുകളിൽ അതിൽ നടന്ന കാര്യങ്ങൾ അറിയാതെയും ഇരിക്കുന്നുവോ? എന്ന് ഉത്തരം പറഞ്ഞു.

ലൂക്കൊ. 24:19 എന്തു കാര്യങ്ങൾ? എന്ന് അവൻ ചോദിച്ചു. അവർ അവനോടു പറഞ്ഞു, ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായ, നസറായനായ യേശുവിനെ സംബന്ധിച്ച കാര്യങ്ങൾ തന്നെ;

ലൂക്കൊ. 24:20 എപ്രകാരം മുഖ്യപുരോഹിതന്മാരും നമ്മുടെ പ്രമാണിമാരും അവനെ മരണ ശിക്ഷയ്ക്ക് ഏൽപ്പിക്കുകയും അവനെ ക്രൂശിക്കുകയും ചെയ്തു.

ലൂക്കൊ. 24:21 എന്നാൽ യിസ്രായേലിനെ വീണ്ടെടുക്കുവാൻ പോകുന്നവൻ ഇവനാകുന്നു എന്ന് ഞങ്ങൾ പ്രത്യാശിച്ചിരുന്നു. ഇവയ്ക്കെല്ലാം പുറമേ, ഈ കാര്യങ്ങൾ നടന്നതു മുതൽ ഇത് മൂന്നാം നാൾ ആകുന്നു.

ലൂക്കൊ. 24:22 എന്നാൽ അതിലുപരി ഞങ്ങളുടെ ഇടയിൽ നിന്നുള്ള ചില സ്ത്രീകൾ ഞങ്ങളെ അത്ഭുതപ്പെടുത്തി. പുലർച്ചെ അവർ കല്ലറക്കൽ ആയിരുന്നപ്പോൾ,

ലൂക്കൊ. 24:23 അവന്റെ ശരീരം കണ്ടെത്താതെ, അവൻ ജീവിക്കുന്നു എന്നു പറയുന്ന ദൂതന്മാരുടെ ദർശനവും അവർ കണ്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവർ വന്നു.

ലൂക്കൊ. 24:24 പിന്നെ ഞങ്ങളുടെ കൂടെയുള്ള ചിലർ കല്ലറയ്ക്കൽ പോയി ആ സ്ത്രീകൾ പറഞ്ഞതു പോലെതന്നെ കണ്ടെത്തി, അവർ അവനെ കണ്ടില്ല.

ലൂക്കൊ. 24:25 അവൻ അവരോടു പറഞ്ഞു, ഹാ മൂഢരും, പ്രവാചകന്മാർ സംസാരിച്ച എല്ലാറ്റിലും വിശ്വസിക്കുവാൻ ഹൃദയത്തിൽ മന്ദതയുള്ളവരുമേ!

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

ലൂക്കൊ. 24:27 പിന്നെ മോശെയിൽ നിന്ന് തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും, തന്നെക്കുറിച്ചുള്ള കാര്യങ്ങൾ അവർക്ക് എല്ലാ തിരുവെഴുത്തുകളിലും വ്യക്തമായി അവൻ വിശദീകരിച്ചു കൊടുത്തു.

ലൂക്കൊ. 24:28 അവർ പോകുന്ന ഗ്രാമം സമീപിച്ചപ്പോൾ, അവൻ താൻ മുമ്പോട്ടു പോകുന്നതുപോലെ നടിച്ചു.

ലൂക്കൊ. 24:29 അവരോ, ഞങ്ങളോടൊപ്പം തങ്ങുക, സന്ധ്യ ആകാറായി പകൽ കഴിഞ്ഞു പോയിരിക്കുന്നുവല്ലോ എന്നു പറഞ്ഞുകൊണ്ട് അവനെ നിർബന്ധിച്ചു. അവൻ അവരോടുകൂടെ തങ്ങുവാൻ അകത്തു പോയി.

ലൂക്കൊ. 24:30 അവൻ അവരോടൊപ്പം മേശയിങ്കൽ ഇരുന്നപ്പോൾ, അപ്പം എടുത്ത് വാഴ്ത്തി, നുറുക്കിയിട്ട് അവർക്കു നൽകി.

ലൂക്കൊ. 24:31 അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും, അവർ അവനെ തിരിച്ചറിയുകയും ചെയ്തു; അവനോ അവരിൽനിന്ന് അപ്രത്യക്ഷനായി.

ലൂക്കൊ. 24:32 അവൻ വഴിയിൽ വച്ച് നമ്മോടു സംസാരിക്കുമ്പോൾ, നമുക്കു തിരുവെഴുത്തുകളെ തുറക്കുമ്പോൾ, നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തു കയല്ലായിരുന്നോ? എന്നു പരസ്പരം പറഞ്ഞു.

ലൂക്കൊ. 24:33 അവർ ആ നാഴികയിൽതന്നെ എഴുന്നേറ്റു യെരൂശലേമിലേക്കു മടങ്ങിപ്പോയി, പതിനൊന്നുപേരും അവരോടുകൂടെയുള്ളവരും,

ലൂക്കൊ. 24:34 കർത്താവു വാസ്തവമായി ഉയിർപ്പിക്കപ്പെട്ടു, ശിമോനു പ്രത്യക്ഷനാകുകയും ചെയ്തു എന്ന് പറഞ്ഞുകൊണ്ട് ഒന്നിച്ചു കൂടിവന്നതായി കണ്ടെത്തി.

ലൂക്കൊ. 24:35 വഴിയിൽ നടന്ന കാര്യങ്ങളെയും, അപ്പം നുറുക്കുന്നതിൽ അവൻ എങ്ങനെ അവർക്കു അറിവായി എന്നും അവർ വിവരിച്ചു.

ലൂക്കൊ. 24:36 അവർ ഈ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻതന്നെ അവരുടെ മധ്യേ നിന്നു, നിങ്ങൾക്കു സമാധാനം എന്ന് അവരോടു പറഞ്ഞു.

ലൂക്കൊ. 24:37 എന്നാൽ അവർ നടുങ്ങി ഭയപ്പെട്ടു, ഒരു ആത്മാവിനെ കാണുന്നു എന്നു വിചാരിച്ചു.

യോഹ. 20:24 എന്നാൽ പന്ത്രണ്ടുപേരിൽ ഒരുവനായ, ദിദിമൊസ് എന്നു വിളിക്കപ്പെട്ട തോമാസ്, യേശു വന്നപ്പോൾ അവരോടുകൂടെ ഇല്ലായിരുന്നു.

യോഹ. 20:25 അതുകൊണ്ട് മറ്റ് ശിഷ്യന്മാർ അവനോട്, ഞങ്ങൾ കർത്താവിനെ കണ്ടിരിക്കുന്നു! എന്നു പറഞ്ഞു. എന്നാൽ അവൻ അവരോട് , അവന്റെ കൈകളിലെ ആണിപ്പാട് ഞാൻ കാണുകയും, ആണിപ്പാടിലേക്ക് എന്റെ വിരൽ ഇടുകയും, അവന്റെ വിലാപ്പുറത്ത് എന്റെ കൈ ഇടുകയും ചെയ്തിട്ടല്ലാതെ, ഒരുവിധത്തിലും വിശ്വസിക്കുകയില്ല എന്നു പറഞ്ഞു.

യോഹ. 20:26 എട്ട് നാളുകൾക്കുശേഷം, അവന്റെ ശിഷ്യന്മാർ പിന്നെയും അകത്ത് കൂടിയിരുന്നു, തോമാസും അവരോടുകൂടെ ഉണ്ടായിരുന്നു. കതകുകൾ അടഞ്ഞിരുന്നെങ്കിലും, യേശു വന്നു മധ്യേ നിന്ന്, നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു.

യോഹ. 20:27 പിന്നെ അവൻ തോമാസിനോട്, നിന്റെ വിരൽ ഇവിടെ കൊണ്ടു വന്ന് എന്റെ കൈകൾ കാണുക, നിന്റെ കൈയും കൊണ്ടു വന്ന് എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വസിക്കുന്നവൻ ആകാതെ, വിശ്വസിക്കുന്നവനാകുക എന്നു പറഞ്ഞു.

യോഹ. 20:28 തോമാസ് അവനോട്, എന്റെ കർത്താവും എന്റെ ദൈവവുമേ! എന്ന് ഉത്തരം പറഞ്ഞു.

യോഹ. 20:29 യേശു അവനോട്, നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചിരിക്കുന്നു. കാണാതെ വിശ്വസിച്ചവർ അനുഗൃഹീതർ എന്നു പറഞ്ഞു.

യെശ. 39:2 ഹിസ്കീയാവു അവരെക്കുറിച്ചു സന്തോഷിച്ചു തന്റെ ഭണ്ഡാരഗൃഹവും പൊന്നും വെള്ളിയും സുഗന്ധവർഗ്ഗവും പരിമളതൈലവും ആയുധശാല ഒക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും അവരെ കാണിച്ചു; തന്റെ രാജധാനിയിലും തന്റെ ആധിപത്യത്തിൽ പെട്ട സകലത്തിലും ഹിസ്കീയാവു അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ലായിരുന്നു.

യെശ. 39:3 അപ്പോൾ യെശയ്യാപ്രവാചകൻ ഹിസ്കീയാരാജാവിന്റെ അടുക്കൽ വന്നു അവനോടു: ഈ പുരുഷന്മാർ എന്തു പറഞ്ഞു? അവർ എവിടെനിന്നു നിന്റെ അടുക്കൽ വന്നു എന്നു ചോദിച്ചതിന്നു ഹിസ്കീയാവു: അവർ ഒരു ദൂരദേശത്തുനിന്നു, ബാബേലിൽനിന്നു തന്നേ; എന്റെ അടുക്കൽ വന്നിരിക്കുന്നു എന്നു പറഞ്ഞു.

യെശ. 39:4 അവർ നിന്റെ രാജധാനിയിൽ എന്തെല്ലാം കണ്ടു എന്നു ചോദിച്ചതിന്നു ഹിസ്കീയാവു: എന്റെ രാജധാനിയിൽ ഉള്ളതൊക്കെയും അവർ കണ്ടു; എന്റെ ഭണ്ഡാരത്തിൽ ഞാൻ അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ല എന്നുത്തരം പറഞ്ഞു.

യെശ. 39:5 അപ്പോൾ യെശയ്യാവു ഹിസ്കീയാവിനോടു പറഞ്ഞതു: സൈന്യങ്ങളുടെ യഹോവയുടെ വചനം കേട്ടുകൊൾക:

യെശ. 39:6 നിന്റെ രാജധാനിയിൽ ഉള്ളതൊക്കെയും നിന്റെ പിതാക്കന്മാർ ഇന്നുവരെ ശേഖരിച്ചുവെച്ചിട്ടുള്ളതും ഒട്ടൊഴിയാതെ ബാബേലിലേക്കു എടുത്തു കൊണ്ടുപോകുന്ന കാലം വരുന്നു!

യെശ. 39:7 നീ ജനിപ്പിച്ചവരായി നിന്നിൽനിന്നുത്ഭവിക്കുന്ന നിന്റെ പുത്രന്മാരിലും ചിലരെ അവർ കൊണ്ടുപോകും; അവർ ബാബേൽരാജാവിന്റെ രാജധാനിയിൽ ഷണ്ഡന്മാരായിരിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു.

യെശ. 39:8 അതിന്നു ഹിസ്കീയാവു യെശയ്യാവോടു: നീ പറഞ്ഞിരിക്കുന്ന യഹോവയുടെ വചനം നല്ലതു എന്നു പറഞ്ഞു; എങ്കിലും എന്റെ ജീവകാലത്തു സമാധാനവും സത്യവും ഉണ്ടായിരിക്കുമല്ലോ എന്നും അവൻ പറഞ്ഞു.

1. "അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്ക് വിശ്വസിച്ചുകൊണ്ട് നിങ്ങൾ അവാച്യവും തേജസ്സ് നിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു"; തങ്ങൾ കണ്ടിട്ടില്ലാത്ത ഒരുവനെ വിശ്വാസികൾ സ്നേഹിക്കുന്നു എന്നത് ഒരു അത്ഭുതവും മർമവുമാണ്—1 പത്രൊ. 1:8.
2. കർത്താവിന്റെ പുനരുത്ഥാനം മുതൽ, അവന്റെ അനുയായികൾക്കുള്ള പ്രധാന ശിക്ഷണം, തന്നെത്തന്നെ മറയ്ക്കുന്ന ദൈവമായി അവനെ അറിയുന്നതിനോടുള്ള ബന്ധത്തിലായിരുന്നു.

3. ക്രിസ്തു കേന്ദ്രീയതയും സാർവത്രികതയുമായിരിക്കുന്ന ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ച സകലതും ദൃശ്യമായ മണ്ഡലത്തിലല്ല, അദൃശ്യമായ അന്തരീക്ഷത്തിലും വിശ്വാസത്തിന്റെ മണ്ഡലത്തിലുമാണുള്ളത്—2 കൊരി. 4:13, 16-18; 5:7; എബ്രാ. 11:1; എഫെ. 3:1; 1 തിമൊ. 1:4.

2 കൊരി. 4:13 "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2 കൊരി. 4:17 ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു,

2 കൊരി. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

2 കൊരി. 5:7 (കാഴ്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്)—

എബ്രാ. 11:1 വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു.

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

## IV. സങ്കീർത്തനം 42:7 പറയുന്നു: "ആഴി ആഴിയെ വിളിക്കുന്നു":

A. നമ്മുടെ ഉള്ളിൽ ആഴത്തിൽനിന്ന് വരുന്നതിനോട് മാത്രമേ മറ്റുള്ളവർക്ക് ആഴത്തിൽ പ്രതികരിക്കുവാൻ കഴിയുകയുള്ളൂ; ആഴത്തിൽ നിന്നല്ലാത്ത യാതൊന്നും ഒരിക്കലും മറ്റുള്ളവരുടെ ആഴങ്ങളിൽ എത്തുകയില്ല.

B. രാജ്യജീവിതം ആഴങ്ങളിലുള്ള ഒരു ജീവിതമാണ്, അത് "താഴെ വേരൂന്നി മീതെ ഫലം കായ്ക്കുവാൻ" കഴിയുന്ന ജീവിതമാണ്—യെശ. 37:31; പ്ര.നി. പ്രവൃ. 6:7; 12:24; 19:20.

യെശ. 37:31 യെഹൂദാഗൃഹത്തിൽ രക്ഷപ്പെട്ട ഒരു ശേഷിപ്പു വീണ്ടും താഴേ വേരൂന്നി മീതെ ഫലം കായിക്കും.

പ്രവൃ. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ

വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

C. നല്ലദേശത്തിന്റെ യാഥാർഥ്യമായ ക്രിസ്തുവിൽ നമ്മെ നട്ടുപിടിപ്പിച്ചിരിക്കുന്നതുകൊണ്ട് അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കേണ്ടതാവശ്യമാണ് (പ്രത്യേകിച്ച് രാവിലെ അവനോടുകൂടെയായിരിക്കുന്ന നമ്മുടെ സമയങ്ങളിൽ):

1. വേരുകൾ മറഞ്ഞിരിക്കുന്ന ജീവനാണ്, അതേസമയം ഇലകൾ പ്രകടമായ ജീവിതമാണ്; അനേകം ക്രിസ്ത്യാനികളുടെയും കുഴപ്പം, വളരെയധികം പ്രകടമായ ജീവിതമുണ്ടെങ്കിലും വളരെ കുറച്ച് രഹസ്യജീവിതമേ ഉള്ളൂ എന്നതാണ്; മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മറഞ്ഞിരിക്കുന്ന ജീവിതത്തിന്റെ കുറവുണ്ട്.
2. നിങ്ങളുടെ എല്ലാ അനുഭവങ്ങളും പ്രകടമാണെങ്കിൽ, നിങ്ങളുടെ എല്ലാ വളർച്ചയും മുകളിലേക്കാണ്; താഴേക്കുള്ള വളർച്ചയില്ല; അങ്ങനെയാണെങ്കിൽ, നിങ്ങൾ വേരുകളില്ലാത്ത ഇലകൾ മാത്രമുള്ള ഒരു വ്യക്തിയാണ്, നിങ്ങൾ ആഴം കുറഞ്ഞ നിലത്താണ്.
3. തന്റെ എല്ലാ സദ്ഗുണങ്ങളും മനുഷ്യരുടെ മുമ്പിൽ പ്രകടമാക്കുകയും തന്റെ ആളത്തത്തിന്റെ ആഴത്തിൽ യാതൊന്നും ഇല്ലാതിരിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനിക്ക് വേരില്ല; പരീക്ഷയുടെയും പ്രലോഭനത്തിന്റെയും നാളിൽ നിൽക്കുവാൻ അവൻ പ്രാപ്തനായിരിക്കുകയില്ല; നമുക്ക് താഴേക്ക് വേരൂന്നുവാൻ കഴിയത്തക്കവണ്ണം ദൈവം നമ്മിൽ പ്രവർത്തിക്കട്ടെ—മത്താ. 13:20-21; ലൂക്കൊ. 8:13.

   മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

   മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

   ലൂക്കൊ. 8:13 പാറമേലുള്ളവരോ, അവർ കേൾക്കുമ്പോൾ, സന്തോഷത്തോടെ വചനം സ്വീകരിക്കുന്നവരാകുന്നു; എങ്കിലും അൽപകാലത്തേക്കു മാത്രം വിശ്വസിക്കുന്ന ഇവർക്കു വേരില്ല, പരീക്ഷണകാലത്ത് അവർ പിൻമാറി പോകുന്നു.

D. അപ്പൊസ്തലനായ പൗലൊസിനെപ്പോലെ ക്രിസ്തുവിന്റെ ആഴമേറിയ അനുഭവങ്ങൾ നമുക്കാവശ്യമാണ്—2 കൊരി. 12:1-4:

2 കൊരി. 12:1 പ്രശംസിക്കുന്നത് ഉചിതമല്ലെങ്കിലും അത് ആവശ്യമാകുന്നു; എങ്കിലും ഞാൻ കർത്താവിന്റെ ദർശനങ്ങളിലേക്കും വെളിപാടുകളിലേക്കും വരാം.

2 കൊരി. 12:2 ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു, പതിനാലു വർഷം മുമ്പ് ഇങ്ങനെ ഒരുവൻ മൂന്നാം സ്വർഗത്തോളം

എടുക്കപ്പെട്ടു (ശരീരത്തിലോ ശരീരം കൂടാതെയോ എന്ന് ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു).

2 കൊരി. 12:3 പിന്നെ ഇങ്ങനെ ഒരുവനെ ഞാൻ അറിയുന്നു (ശരീരത്തിലോ ശരീരം കൂടാതെയോ എന്ന് ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു),

2 കൊരി. 12:4 അവൻ പറുദീസയിലേക്ക് എടുക്കപ്പെട്ടു, മനുഷ്യന് സംസാരിക്കുവാൻ അനുവാദമില്ലാത്ത, പറയാനാവാത്ത വാക്കുകൾ അവൻ കേട്ടു.

1. പൗലൊസ് മൂന്നാം സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും പറുദീസയിലേക്ക് എടുക്കപ്പെടുകയും ചെയ്തു, എന്നാൽ പതിന്നാലു വർഷം വരെ അവൻ ഈ അനുഭവം വെളിപ്പെടുത്തിയില്ല. പൗലൊസിന്റെ വേരുകൾ മണ്ണിനടിയിൽ ആഴത്തിലായിരുന്നു.
2. പൗലൊസിന്റെ വേല ഉണ്ടായിരിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് പൗലൊസിന്റെ "വേര്" ഉണ്ടായിരിക്കണം; പൗലൊസിന്റെ ബാഹ്യമായ പെരുമാറ്റം നമുക്കുണ്ടായിരിക്കണമെങ്കിൽ നമുക്ക് പൗലൊസിന്റെ ആന്തരിക ജീവൻ ഉണ്ടായിരിക്കണം. പൗലൊസിന്റെ പ്രകടമായ ശക്തി നമുക്കുണ്ടായിരിക്കണമെങ്കിൽ നമുക്ക് പൗലൊസിന്റെ രഹസ്യ അനുഭവം ഉണ്ടായിരിക്കണം.
3. വേരില്ലാതിരിക്കുന്നത് മറഞ്ഞിരിക്കുന്ന നിധി ഇല്ലാതിരിക്കുന്നതാണ്; അത് മറഞ്ഞിരിക്കുന്ന ജീവനോ മറഞ്ഞിരിക്കുന്ന അനുഭവങ്ങളോ ഇല്ലാതിരിക്കുന്നതാണ്; നമ്മുടെ ചില അനുഭവങ്ങൾ മറഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്; സകലവും അനാവരണം ചെയ്യുന്നത് സകലവും നഷ്ടപ്പെടുത്തുന്നതാണ്—പ്ര.നി. യെശ. 39:2-8.

യെശ. 39:2 ഹിസ്കീയാവു അവരെക്കുറിച്ചു സന്തോഷിച്ചു തന്റെ ഭണ്ഡാരഗൃഹവും പൊന്നും വെള്ളിയും സുഗന്ധവർഗ്ഗവും പരിമളതൈലവും ആയുധശാല ഒക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും അവരെ കാണിച്ചു; തന്റെ രാജധാനിയിലും തന്റെ ആധിപത്യത്തിൽ പെട്ട സകലത്തിലും ഹിസ്കീയാവു അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ലായിരുന്നു.

യെശ. 39:3 അപ്പോൾ യെശയ്യാപ്രവാചകൻ ഹിസ്കീയാരാജാവിന്റെ അടുക്കൽ വന്നു അവനോടു: ഈ പുരുഷന്മാർ എന്തു പറഞ്ഞു? അവർ എവിടെനിന്നു നിന്റെ അടുക്കൽ വന്നു എന്നു ചോദിച്ചതിന്നു ഹിസ്കീയാവു: അവർ ഒരു ദൂരദേശത്തുനിന്നു, ബാബേലിൽനിന്നു തന്നേ; എന്റെ അടുക്കൽ വന്നിരിക്കുന്നു എന്നു പറഞ്ഞു.

യെശ. 39:4 അവർ നിന്റെ രാജധാനിയിൽ എന്തെല്ലാം കണ്ടു എന്നു ചോദിച്ചതിന്നു ഹിസ്കീയാവു: എന്റെ രാജധാനിയിൽ ഉള്ളതൊക്കെയും അവർ കണ്ടു; എന്റെ ഭണ്ഡാരത്തിൽ ഞാൻ അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ല എന്നുത്തരം പറഞ്ഞു.

യെശ. 39:5 അപ്പോൾ യെശയ്യാവു ഹിസ്കീയാവിനോടു പറഞ്ഞതു:

സൈന്യങ്ങളുടെ യഹോവയുടെ വചനം കേട്ടുകൊൾക:

യെശ. 39:6 നിന്റെ രാജധാനിയിൽ ഉള്ളതൊക്കെയും നിന്റെ പിതാക്കന്മാർ ഇന്നുവരെ ശേഖരിച്ചുവെച്ചിട്ടുള്ളതും ഒട്ടൊഴിയാതെ ബാബേലിലേക്കു എടുത്തു കൊണ്ടുപോകുന്ന കാലം വരുന്നു!

യെശ. 39:7 നീ ജനിപ്പിച്ചവരായി നിന്നിൽനിന്നുത്ഭവിക്കുന്ന നിന്റെ പുത്രന്മാരിലും ചിലരെ അവർ കൊണ്ടുപോകും; അവർ ബാബേൽരാജാവിന്റെ രാജധാനിയിൽ ഷണ്ഡന്മാരായിരിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു.

യെശ. 39:8 അതിന്നു ഹിസ്കീയാവു യെശയ്യാവോടു: നീ പറഞ്ഞിരിക്കുന്ന യഹോവയുടെ വചനം നല്ലതു എന്നു പറഞ്ഞു; എങ്കിലും എന്റെ ജീവകാലത്തു സമാധാനവും സത്യവും ഉണ്ടായിരിക്കുമല്ലോ എന്നും അവൻ പറഞ്ഞു.

4. നമ്മുടെ ജീവന് ആഴമില്ലെങ്കിൽ, നമ്മുടെ ഉപരിപ്ലവമായ വേല മറ്റ് ജീവിതത്തെ ഉപരിപ്ലവമായി മാത്രമേ ബാധിക്കുകയുള്ളൂ; "ആഴി ആഴിയെ വിളിക്കുന്നു."

E. നിർമലവും മനോഹരവുമായ ആത്മിക ജീവിതം ദൈവവുമായുള്ള ആന്തരികവും, മറഞ്ഞിരിക്കുന്നതും, തടസ്സമില്ലാത്തതുമായ കൂട്ടായ്മയിൽനിന്ന് വരുന്നു; തന്മൂലം, "അവൻ താമരപോലെ പൂത്ത് ലെബാനോൻ വനംപോല വേരൂന്നും" (ഹോശെ. 14:5); ഇത്തരത്തിലുള്ള ജീവൻ വളരെയധികം ഫലം കായ്ക്കുവാൻ പ്രാപ്തമാണ് (വാ. 5-7).

ഹോശേ. 14:5 ഞാൻ യിസ്രായേലിന്നു മഞ്ഞുപോലെയിരിക്കും; അവൻ താമരപോലെ പൂത്തു ലെബാനോൻവനംപോലെ വേരൂന്നും.

ഹോശേ. 14:6 അവന്റെ കൊമ്പുകൾ പടരും; അവന്റെ ഭംഗി ഒലിവുവൃക്ഷത്തിൻ ഭംഗിപോലെയും അവന്റെ വാസന ലെബാനോന്റേതുപോലെയും ഇരിക്കും.

ഹോശേ. 14:7 അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ധാന്യം വിളയിക്കയും മുന്തിരിവള്ളിപോലെ തളിർക്കയും ചെയ്യും; അതിന്റെ കീർത്തി ലെബാനോനിലെ വീഞ്ഞിന്റേതുപോലെ ഇരിക്കും.

F. ആഴമുള്ള ജീവിതം നയിക്കുന്നതിന്, കർത്താവുമായി നേരിട്ടുള്ളതും ദൃഢബദ്ധവുമായ കൂട്ടായ്മ ഉണ്ടായിരിക്കുന്നത് ആവശ്യമാണ്; ഉത്തമഗീതം 4:12 പറയുന്നു: "എന്റെ സഹോദരി, എന്റെ കാന്ത, കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവ്, മുദ്രയിട്ടിരിക്കുന്ന ഒരു കിണറ്":

1. അവളുടെ ആത്മിക പുരോഗതിയുടെ ഈ ഘട്ടത്തിൽ, കർത്താവിന്റെ സ്നേഹാന്വേഷക ക്രിസ്തുവിന്റെ സ്വകാര്യ സംതൃപ്തിക്കുവേണ്ടിയുള്ള ഒരു തോട്ടമായിത്തീർന്നിരിക്കുന്നു.
2. അവൾ ഒരു തുറന്ന തോട്ടമല്ല, മറിച്ച് അടച്ചിരിക്കുന്ന തോട്ടമാണ്; അവൾക്കുള്ളതെല്ലാം, മറ്റാർക്കും വേണ്ടിയുള്ളതല്ല, അവളുടെ പ്രിയന്റെ സന്തോഷത്തിന് വേണ്ടിയുള്ളതാണ്.
3. ഇന്നത്തെ വിശ്വാസികൾ അല്പംകൂടി അടയ്ക്കുകയും മുറുക്കി മുദ്രയിടുകയും ചെയ്യുന്നുവെങ്കിൽ, അവരുടെ വേല കൂടുതൽ പ്രബലമായിത്തീരും.

4. ദൈവത്തിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിനും അവന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്നതിനും ആഴത്തിൽ വേരുകൾ ഉറപ്പിക്കുന്നതിനും ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുന്നതിനും കർത്താവ് നമുക്ക് കൃപ നൽകുകയും ക്രൂശിലൂടെ നമ്മിൽ ആഴമേറിയ ഒരു വേല ചെയ്യുകയും ചെയ്യട്ടെ.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

**അയ്യായിരം ആളുകളെ പോഷിപ്പിക്കുന്ന അത്ഭുതത്തിൽ തന്നിൽനിന്നു പഠിക്കുവാൻ തന്റെ ശിഷ്യന്മാരെ പരിശീലിപ്പിക്കുന്നു അഞ്ച് അപ്പവും രണ്ട് മീനും എടുത്ത്, സ്വർഗത്തിലേക്ക് നോക്കി, അവയെ അനുഗ്രഹിക്കുന്നു**

അഞ്ചപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരം പേർക്ക് ഭക്ഷണം നൽകുന്ന അത്ഭുതത്തിൽ തന്നിൽനിന്നു പഠിക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ പരിശീലിപ്പിച്ചു. താൻ അവരുടെ മാതൃകയാണെന്ന് സൂചിപ്പിച്ചുകൊണ്ട്, അവർ തന്നിൽനിന്ന് പഠിക്കേണ്ടതാവശ്യമാണെന്ന് മത്തായി 11:29-ൽ കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു.

അവൻ അഞ്ച് അപ്പവും രണ്ടു മീനും എടുക്കുകയും അവയെ അനുഗ്രഹിക്കുവാൻ പോകുമ്പോൾ അവൻ സ്വർഗത്തിലേക്ക് നോക്കുകയും ചെയ്തുവെന്ന് മത്തായി 14:19 പറയുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ സ്വർഗത്തിലേക്ക് നോക്കിക്കൊണ്ട് അവൻ ഭക്ഷണത്തെ അനുഗ്രഹിച്ചു. സ്വർഗത്തിലേക്ക് നോക്കി എന്നത് അവൻ സ്വർഗത്തിലുള്ള തന്റെ പിതാവിങ്കലേക്ക് നോക്കുകയായിരുന്നു എന്ന് സൂചിപ്പിക്കുന്നു. അനുഗ്രഹത്തിന്റെ ഉറവിടം താനാണെന്ന് അവൻ തിരിച്ചറിഞ്ഞു എന്ന് ഇത് സൂചിപ്പിക്കുന്നു. അവൻ അയയ്ക്കപ്പെട്ടവൻ ആയിരുന്നു. അയയ്ക്കപ്പെട്ടവൻ അനുഗ്രഹത്തിന്റെ ഉറവിടമായിരിക്കരുത്. അയയ്ക്കുന്നവനായ, പിതാവായിരിക്കണം അനുഗ്രഹത്തിന്റെ ഉറവിടം.

ഇവിടെ നമുക്ക് പഠിക്കാനുള്ള ഒരു വലിയ പാഠമുണ്ട്. മിക്ക വേദപുസ്തക വായനക്കാരും മത്തായി 14-ൽ കർത്താവായ യേശു ചെയ്ത ഒന്നുമില്ലായ്മയിൽനിന്നും ചിലതിനെ സൃഷ്ടിക്കുന്ന അത്ഭുതത്തെ ശ്രദ്ധിക്കുമായിരിക്കും. എന്നാൽ ഇവിടെ കർത്താവ് നമുക്കായി സ്ഥാപിച്ച മാതൃക നാം കാണേണ്ടതാവശ്യമാണ്. അവൻ തന്റെ ശിഷ്യന്മാരുടെ മുമ്പിൽവച്ച് സ്വർഗത്തിലുള്ള പിതാവിനെ നോക്കി അഞ്ച് അപ്പത്തെയും രണ്ടു മീനെയും അനുഗ്രഹിച്ചുവെന്ന് നാം ഓർക്കണം. ഈ വിധത്തിലുള്ള അവന്റെ അനുഗ്രഹത്തിനുശേഷം എന്തുചെയ്യണമെന്ന് അവൻ ശിഷ്യന്മാരോടു പറഞ്ഞു. അവൻ ചെയ്തത് ശിഷ്യന്മാർക്ക് അവനിൽനിന്നും പഠിക്കാനുള്ള ഒരു മാതൃകയായിരുന്നു എന്നതിന് സംശയമില്ല. ഈ മാതൃകയനുസരിച്ച്, നാം അയയ്ക്കുന്നവനല്ല, മറിച്ച് അയയ്ക്കുന്നവനാൽ അയയ്ക്കപ്പെട്ടവനാണെന്ന് നാം തിരിച്ചറിയണം. നമുക്ക് എത്രമാത്രം ചെയ്യുവാൻ കഴിഞ്ഞാലും, അത് പ്രയോജനപ്പെടുന്നവരിലേക്ക് കൈമാറുവാൻ നമുക്ക് കഴിയേണ്ടതിന്, ഉറവിടത്തിൽനിന്നുള്ള, അയച്ചവനിൽനിന്നുള്ള അനുഗ്രഹം നമുക്ക് ഇപ്പോഴും ആവശ്യമാണെന്ന് നാം മനസ്സിലാക്കണം. ഞാൻ ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്ന ഒരു വലിയ പാഠം ഇതാണ്.

താൻ വർഷങ്ങളായി കർത്താവിനുവേണ്ടി സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നതിനാൽ, എങ്ങനെ സംസാരിക്കണമെന്ന് തനിക്കറിയാമെന്ന്, ചിലയിടങ്ങളിൽ സംസാരിക്കുവാൻ ക്ഷണിക്കപ്പെടുന്ന ഒരു കൂട്ടുവേലക്കാരൻ ചിന്തിച്ചേക്കാം. നാമെല്ലാവരും ഇത്തരത്തിലുള്ള മനോഭാവം ഉപേക്ഷിക്കുകയും നാമല്ല ഉറവിടമെന്ന് തിരിച്ചറിയുകയും വേണം. ഒരു അനുഗ്രഹവും നമ്മിൽനിന്നുള്ളതല്ല. നമുക്ക് എത്രമാത്രം ചെയ്യുവാൻ കഴിയുമെങ്കിലും, അല്ലെങ്കിൽ എന്തു ചെയ്യണമെന്ന് നമുക്കറിയാമെങ്കിലും, നമ്മിലല്ല, അവനിൽ ആശ്രയിക്കുന്നതിലൂടെ നമ്മുടെ പ്രവൃത്തിയിൽ അയച്ചവന്റെ അനുഗ്രഹം നമുക്ക് ആവശ്യമാണെന്ന് നാം തിരിച്ചറിയണം. നാം ഭക്ഷണം കഴിക്കുമ്പോൾപോലും, ഉറവിടമായ പിതാവിലേക്ക് നോക്കുവാൻ കർത്താവിൽനിന്ന് നാം പഠിക്കണം. നമ്മുടെ ഭക്ഷണത്തെ നാം അനുഗ്രഹിക്കുമ്പോൾ, അനുഗ്രഹത്തിന്റെ ഉറവിടത്തിലേക്ക് നോക്കി നാം അതിനെ അനുഗ്രഹിക്കണം.

## പിതാവുമായി ഒന്നായിരിക്കുക

സ്വർഗത്തിലുള്ള പിതാവിലേക്ക് അവൻ നോക്കി എന്നതു സൂചിപ്പിക്കുന്നത് സ്വർഗത്തിലുള്ള പിതാവിനാൽ അയയ്ക്കപ്പെട്ട ഭൂമിയിലുള്ള പുത്രൻ എന്ന നിലയിൽ, പിതാവിൽ ആശ്രയിച്ചുകൊണ്ട് അവൻ പിതാവുമായി ഒന്നായിരുന്നു എന്നാണ് (യോഹ. 10:30). ഇത് വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. ഞാൻ കർത്താവിനുവേണ്ടി സംസാരിക്കുമ്പോഴെല്ലാം, അവനിൽ ആശ്രയിച്ചുകൊണ്ട് ഞാൻ കർത്താവുമായി ഒന്നാണെന്ന ബോധം എനിക്കുണ്ടായിരിക്കണം. എനിക്ക് എന്തറിയാമെന്നതും എനിക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നതും ഒന്നുമല്ല. കർത്താവുമായി ഒന്നായിരിക്കുന്നതും, അവനിൽ ആശ്രയിക്കുന്നതുമാണ് നമ്മുടെ ശുശ്രൂഷയിൽ സകലത്തെയും അർഥമാക്കുന്നത്. നമ്മിൽത്തന്നെ നിലനിന്നുകൊണ്ടും നമുക്ക് ചെയ്യുവാൻ കഴിയുന്നതിൽ ആശ്രയിച്ചുകൊണ്ടും നാം വചനം ശുശ്രൂഷിക്കുവാൻ ഒരിക്കലും പോകരുത്. നമുക്ക് ചെയ്യുവാൻ കഴിയുന്നതിൽ നാം ആശ്രയിക്കുന്നുവെങ്കിൽ, നാം തീർന്നു. കർത്താവുമായി ഒന്നായിരിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ അനുഗ്രഹം വരുന്നുള്ളൂ.

## തന്നിൽനിന്നും യാതൊന്നും ചെയ്യാതിരിക്കുന്നു

തന്നിൽനിന്നുതന്നെ കർത്താവ് യാതൊന്നും ചെയ്തില്ല (5:19). ഇതും ശിഷ്യന്മാർക്കുള്ള ഒരു മാതൃകയായിരുന്നു. അവനിലൂടെയായിരുന്നു മുഴുവൻ പ്രപഞ്ചവും സൃഷ്ടിക്കപ്പെട്ടത്, എങ്കിലും അവനിൽനിന്നുതന്നെ അവൻ ഒന്നും ചെയ്തില്ല. ഇത് സ്വയത്തെ ത്യജിക്കുന്നതാണ്, അവൻ ഇത് വളരെയധികം പഠിപ്പിച്ചു. ആരെങ്കിലും തന്നെ അനുഗമിക്കുന്നുവെങ്കിൽ അവൻ തന്റെ ക്രൂശെടുത്ത് അവനെത്തന്നെ ത്യജിക്കണമെന്ന് അവൻ പറഞ്ഞു (മത്താ. 16:24). സ്വയത്തെ ത്യജിക്കുന്ന ഒരു ജീവിതമാണ് അവൻ ജീവിച്ചത്.

സർവ്വകലാശാലകളിലെ വിദ്യാസമ്പന്നരായ പ്രൊഫസർമാർ അവർക്ക് അറിയാവുന്നതും ചെയ്യുവാൻ കഴിയുന്നതും പ്രദർശിപ്പിച്ചുകൊണ്ട് ജനത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനായി പല കാര്യങ്ങളും ചെയ്യുന്നു. എന്നാൽ നാം ഇന്നത്തെ പ്രൊഫസർമാരല്ല; നാം ഇന്നത്തെ ദൈവ-മനുഷ്യരാണ്, യേശുവിന്റെ പകർപ്പാണ്. നാം നമ്മെത്തന്നെ ത്യജിക്കുകയും, നമ്മിൽനിന്നും യാതൊന്നും ചെയ്യാനുള്ള ഉദ്ദേശ്യം ഇല്ലാതെ അവനിൽനിന്നും സകലവും ചെയ്യാനുള്ള ഉദ്ദേശ്യം ഉള്ളവരും ആയിരിക്കണം. ഇത് കർത്താവിനോടുകൂടെ കാര്യങ്ങൾ ചെയ്തുകൊണ്ട് സ്വയത്തെ ത്യജിക്കുക എന്ന ഉപദേശം അനുഷ്ഠിക്കുന്നതാണ്.

## തന്റെ സ്വന്തം ഇഷ്ടം അന്വേഷിക്കുന്നില്ല

കർത്താവ് തന്റെ സ്വന്തം ഇഷ്ടമല്ല, മറിച്ച് തന്നെ അയച്ചവന്റെ ഇഷ്ടമാണ് അന്വേഷിച്ചത് (യോഹ. 5:30). ഒന്നാമതായി, അവൻ അവനെത്തന്നെ നിഷേധിച്ചു; രണ്ടാമതായി, അവൻ അവന്റെ ആശയത്തെയും, അവന്റെ ഇംഗിതത്തെയും, അവന്റെ ഉദ്ദേശ്യത്തെയും നിരസിച്ചു. തന്നെ അയച്ചവന്റെ ഇഷ്ടം മാതമേ അവൻ അന്വേഷിക്കുമായിരുന്നുള്ളൂ. നാമെല്ലാവരും ഈ ഒരു കാര്യത്തിനുവേണ്ടി ജാഗ്രതയുള്ളവരായിരിക്കണം—ഒരു വേല ചെയ്യുവാൻ നാം അയയ്ക്കപ്പെടുമ്പോൾ, സ്വന്തം ലക്ഷ്യം അന്വേഷിക്കുവാൻ ആ അവസരത്തെ നാം എടുക്കരുത്. ദൈവത്തിന്റെ വേല നിർവഹിക്കുവാൻ നാം പോകുമ്പോൾ, നമ്മുടെ ഉദ്ദേശ്യമാണോ അതോ ദൈവത്തിന്റെ ഉദ്ദേശ്യമാണോ അന്വേഷിച്ചുകൊണ്ട് നാം പോകുന്നത്? സഹോദരൻ വാച്ച്മാൻ നീ ഒരു സഹോദരനെ കർത്താവിന്റെ വേലയ്ക്കുവേണ്ടി അയയ്ക്കുമ്പോൾ ആ സഹോദരൻ തന്റെ സ്വന്തം ഉദ്ദേശ്യം നിർവഹിക്കുവാനുള്ള അവസരം എടുക്കുമെന്ന് അദ്ദേഹം എല്ലായ്പോഴും ആശങ്കപ്പെട്ടിരുന്നു.

ഒരു ദിവസം ഞാൻ ഷാങ്ഹായിൽ നിന്ന് ഹാങ്ചൗവിലേക്ക് പോകുവാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ സഹോദരൻ നീ എന്നോടു ചോദിച്ചു: "വിറ്റ്നസ്, നീ എന്ത് ഉദ്ദേശ്യത്തിനായാണ് ഹാങ്ചൗവിലേക്ക് പോകുന്നത്?" അവിടെയുള്ള സഹോദരന്മാരെ സന്ദർശിക്കുവാൻ പോകുന്നുവെന്ന് ഞാൻ പ്രതികരിച്ചു. ഇത് തെറ്റായ ഒരു മറുപടിയാണെന്ന് അദ്ദേഹം പറഞ്ഞു. പകരം, കർത്താവിന്റെ ഉദ്ദേശ്യം നിർവഹിക്കുവാൻ സഹോദരന്മാരെ സന്ദർശിക്കുവാൻ ഞാൻ പോകുന്നു എന്നു ഞാൻ പറയണം. കേവലം സഹോദരന്മാരെ സന്ദർശിക്കുവാൻ നിങ്ങൾ പോകുന്നുവെങ്കിൽ, നിങ്ങൾക്കായിത്തന്നെ അനേകം കാര്യങ്ങൾ ചെയ്യുവാൻ നിങ്ങൾക്കു കഴിയും. കർത്താവിന്റെ ഇഷ്ടം അന്വേഷിക്കുന്നതിനുപകരം നിങ്ങളുടെ ഉദ്ദേശ്യം നിവർത്തിക്കുവാനുള്ള ഒരു അവസരമായി നിങ്ങൾ അവരോടുള്ള നിങ്ങളുടെ സന്ദർശനത്തെ എടുത്തേക്കാം. നമ്മുടെ ഉദ്ദേശ്യവും, നമ്മുടെ ലക്ഷ്യവും, നമ്മുടെ ആശയവും ഇല്ലാതെയുള്ള ഒരു നിർമല ഹൃദയം ഉണ്ടായിരിക്കുക എളുപ്പമല്ല. അയയ്ക്കുന്ന കർത്താവിന്റെ ആശയവും, ഉദ്ദേശ്യവും, ലക്ഷ്യവും, ഇംഗിതവും അന്വേഷിച്ചുകൊണ്ട് നാം പോകണം. ഇതിന് നമ്മുടെ ഭാഗത്ത് വളരെയധികം പഠനം ആവശ്യമാണ്.

ഒരു പ്രത്യേക സ്ഥലത്തേക്കുള്ള ക്ഷണം രങ്ങൾ സ്വീകരിക്കുന്നതിനെക്കുറിച്ച് എനിക്ക് എന്തു തോന്നുന്നു എന്ന് ചില സഹോദരന്മാർ ചിലപ്പോഴെല്ലാം എന്നോട് ചോദിക്കുന്നു. "നിങ്ങൾ കർത്താവിന്റെ ഉദ്ദേശ്യം, കർത്താവിന്റെ ലാക്ക്, കർത്താവിന്റെ ലക്ഷ്യം, കർത്താവിന്റെ ആശയം, കർത്താവിന്റെ ഇംഗിതം, അതായത്, കർത്താവിന്റെ ഇഷ്ടം നിറവേറ്റുവാനാണോ അതോ നിങ്ങളുടെ ഇംഗിതം, നിങ്ങളുടെ ഇഷ്ടം നിവർത്തിക്കുന്നതിനുള്ള അവസരം എടുക്കുന്നതിനാണോ നിങ്ങൾ പോകുന്നത്? എന്നതാണ് എന്റെ അടിസ്ഥാന പരിഗണന. നമ്മുടെ ഇംഗിതം അന്വേഷിക്കുന്നത് തികച്ചും അശുദ്ധമാണ്. ക്രൂശിനാൽ നാം ശുദ്ധീകരിക്കപ്പെടേണ്ടതാവശ്യമാണ്. നാം ഇങ്ങനെ പ്രാർഥിക്കണം: "കർത്താവേ, എന്റെ ഇംഗിതത്തിനും ആശയത്തിനുമൊത്തവണ്ണം ചിലത് ചെയ്യുവാൻ ഞാൻ പോകുന്നതിൽനിന്നും എന്നെ രക്ഷിക്കേണമേ." കർത്താവായ യേശു ഒരിക്കലും സ്വന്തം ആശയമോ, സ്വന്തം ഉദ്ദേശ്യമോ, സ്വന്തം ധാരണയോ, സ്വന്തം ഇംഗിതമോ അന്വേഷിച്ചില്ല. അവൻ പിതാവിന്റെ ഇഷ്ടം മാത്രം നിർമലമായി അന്വേഷിച്ചു.

## തന്റെ സ്വന്തമഹത്വം അന്വേഷിക്കുന്നില്ല

ആദ്യത്തെ ദൈവമനുഷ്യൻ തന്റെ സ്വന്തമഹത്വമല്ല, മറിച്ച് തന്നെ അയച്ച പിതാവിന്റെ മഹത്വം അന്വേഷിച്ചു (7:18). ഏകദേശം ഇരുപത് വർഷത്തോളം ഞാൻ സഹോദരൻ നീയോടുകൂടെ ഉണ്ടായിരുന്നു. കൂട്ടുവേലക്കാരെക്കുറിച്ച് അദ്ദേഹത്തെ ഏറ്റവുമധികം വിഷമിപ്പിച്ചത്, അതിമോഹമില്ലാത്ത ഒരാളെ കാണുവാൻ ബുദ്ധിമുട്ടായിരുന്നു എന്നതാണ്. അതിമോഹിയായിരിക്കുകയെന്നാൽ നിങ്ങളുടെ സ്വന്തമഹത്വം അന്വേഷിക്കുന്നതാണ്. സഭാജീവിതത്തിൽ നാം കർത്താവിനു നൽകുന്ന സേവനത്തിൽ, നമ്മുടെ അതിമോഹം എപ്പോഴും ഉണ്ട്. ഒരു മൂപ്പനാകായിരിക്കാനുള്ള അതിമോഹം ഒരു സഹോദരന് ഉണ്ടായിരിക്കാം. ഒരു മൂപ്പനായിത്തീരുവാൻ അവൻ ആദ്യം ഒരു ഡീക്കനായിത്തീരണമെന്ന് അവന് തോന്നുന്നു. അവനെ സംബന്ധിച്ചിടത്തോളം ഒരു ഡീക്കനായിരിക്കുന്നത് മൂപ്പർപദവിയിലേക്ക് ഉയർത്തപ്പെടുന്നതിനുള്ള ഒരു പടിയെന്നാണ്. ഈ വിധത്തിൽ നാം അതിമോഹമുള്ളവരല്ലെന്ന് നാം ചിന്തിക്കരുത്. നാമെല്ലാവരും ആദാമിന്റെ വീണുപോയ പിൻഗാമികളും അതേ രോഗത്തിന്റെ, അതേ പാപത്തിന്റെ, അസുഖമുള്ളവരുമാണ്. ഏഴു വർഷങ്ങൾക്കുമുമ്പ് നമ്മുടെ ഇടയിൽ ഉണ്ടായ മത്സരം മൊത്തത്തിൽ അതിമോഹം നിമിമത്തമായിരുന്നു. അതിമോഹത്താൽ നമ്മുടെ ഇടയിൽ നിരവധി കൂട്ടുവേലക്കാർ നശിപ്പിക്കപ്പെട്ടത് വർഷങ്ങളായി ഞാൻ കണ്ടിട്ടുണ്ട്. കർത്താവിന്റെ കരുണയാൽ എന്റെ സ്വയത്തോടും എന്റെ ഇംഗിതത്തോടും ഇടപെടുന്നതിന്റെ രഹസ്യം ഞാൻ പഠിച്ചു; ഇത് എന്റെ സ്വയം-മഹത്വവൽക്കരണത്തോട് ഇടപെടുവാൻ എന്നെ സഹായിച്ചിട്ടുണ്ട്.

യോഹന്നാൻ 7:18-ൽ കർത്താവ് പരീശന്മാരോട് പറഞ്ഞു: "തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ അവൻ സത്യവാൻ ആകുന്നു; അവനിൽ അനീതി ഇല്ല." പരീശന്മാർ അവരുടെ സ്വന്തമഹത്വം അന്വേഷിക്കുകയായിരുന്നു. ഈ വാക്യത്തിന്റെ സന്ദർഭമനുസരിച്ച്, അവർ തങ്ങളുടെ സ്വന്തമഹത്വം അന്വേഷിച്ചിരുന്നില്ലെങ്കിൽ, താൻ തന്റെ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്ന് അവർ അറിയുമായിരുന്നു എന്ന് കർത്താവ് അവരോട് സൂചിപ്പിച്ചു.

നമ്മുടെ സ്വയവും, നമ്മുടെ ഉദ്ദേശ്യവും, നമ്മുടെ അതിമോഹവും നമ്മുടെ വേലയിൽ നശിപ്പിക്കുന്ന മൂന്ന് വലിയ "പുഴു"ക്കളാണെന്ന് നാം കാണേണ്ടതാവശ്യമാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നാം എപ്പോഴും അവനുവേണ്ടി ഉപയോഗിക്കപ്പെടണമെങ്കിൽ, നമ്മുടെ സ്വയം നിഷേധിക്കപ്പെടുകയും, നമ്മുടെ ഉദ്ദേശ്യം തിരസ്കരിക്കപ്പെടുകയും, നമ്മുടെ അതിമോഹം ഉപേക്ഷിക്കപ്പെടുകയും വേണം. നമ്മുടെ സ്വന്തം ഉദ്ദേശ്യം നമുക്ക് ഉണ്ടായിരിക്കരുത്; പകരം, നമുക്ക് കർത്താവിന്റെ ഇഷ്ടം മാത്രമേ ഉണ്ടായിരിക്കാവൂ. ഈ മൂന്ന് കാര്യങ്ങളെക്കുറിച്ച് നാമെല്ലാവരും പഠിക്കേണ്ടതുണ്ട്: സ്വയം പാടില്ല, ഉദ്ദേശ്യം പാടില്ല, അതിമോഹം പാടില്ല. നമ്മുടെ സ്വയത്തെ ത്യജിച്ചുകൊണ്ടും, നമ്മുടെ ഉദ്ദേശ്യത്തെ തിരസ്കരിച്ചുകൊണ്ടും, നമ്മുടെ അതിമോഹത്തെ ഉപേക്ഷിച്ചുകൊണ്ടും അവനുവേണ്ടി അധ്വാനിക്കുവാൻ, വേല ചെയ്യുവാൻ, മാത്രം നാം അറിയണം. സ്വയവും, ഉദ്ദേശ്യവും, അതിമോഹവും നമ്മിലുള്ള മൂന്ന് പാമ്പുകളോ തേളുകളോ പോലെയാണ്. അവയെ വെറുക്കുവാൻ നാം പഠിക്കണം.

## സ്വകാര്യമായി പ്രാർഥിക്കുവാൻ മലയിലേക്ക് കയറിപ്പോകുന്നു

അത്ഭുതം പ്രവർത്തിച്ചതിനുശേഷം, സ്വകാര്യമായി പ്രാർഥിക്കുവാൻ കർത്താവ് മലയിലേക്ക് കയറിപ്പോയി (മത്താ. 14:23; പ്ര.നി. ലൂക്കൊ. 6:12).

**അത്ഭുതത്തിന്റെ വിഷയത്തിൽ പുരുഷാരത്തോടുകൂടെ തങ്ങുന്നില്ല**

അത്ഭുതത്തിന്റെ വിഷയത്തിൽ കർത്താവ് പുരുഷാരത്തോടുകൂടെ നിൽക്കാതെ, പ്രാർഥനയിൽ മലയിൽ സ്വകാര്യമായി പിതാവിനോടുകൂടെയായിരിക്കുവാൻ അവരിൽനിന്ന് ദൂരേക്കു പോയി. നാം ഒരു സ്ഥലത്തേക്കു പോകുകയും ഒരു വലിയ വിജയം ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം അപ്പോൾത്തന്നെ പോകുമോ, അതോ അത് ആസ്വദിക്കുവാൻ ഈ വലിയ വിജയത്തിൽ നാം തുടരുമോ? കർത്താവായ യേശുവിന്റെ മാതൃക നാം കാണുകയും പിന്തുടരുകയും വേണം. താൻ ചെയ്ത വലിയ ത്ഭുതത്തിന്റെ വിഷയത്തിൽ അവൻ അവിടെ നിന്നില്ല. പകരം, പ്രാഥിക്കുവാൻ സ്വകാര്യമായി അവൻ മലയിലേക്കു പോയി. *സ്വകാര്യമായി* എന്ന വാക്ക് വളരെ അർഥവത്താണ്. താൻ പ്രാർഥിക്കുവാൻ പോകുകയാണെന്ന് ജനം അറിയുവാൻ അവൻ ആഗ്രഹിച്ചില്ല എന്നാണ് ഇതർഥമാക്കുന്നത്. അല്ലെങ്കിൽ, അവർ അവനെ അനുഗമിക്കുമായിരുന്നു. പ്രാർഥനയിൽ പിതാവിനോടുകൂടെ സ്വകാര്യമായി ആയിരിക്കുവാൻ അവൻ അവരെ വിട്ടുപോയി. ഈ മൂന്ന് പദപ്രയോഗങ്ങൾ ഞാൻ ഇഷ്ടപ്പെടുന്നു: *പിതാവിനോടു കൂടെയായിരിക്കുവാൻ, മലമുകളിൽ, പ്രാർഥനയിൽ*. പ്രാർഥനയിൽ മലമുകളിൽ അവനോടു കൂടെയായിരിക്കുവാൻ വ്യായാമം ചെയ്തുകൊണ്ട് ഇവിടെയുള്ള കർത്താവിന്റെ മാതൃകയിൽനിന്നും നാം പഠിക്കണം. അവൻ സ്വർഗത്തിലേക്ക് നോക്കി എന്നത് അർഥമാക്കുന്നത് അവനിൽത്തന്നെ അവന് ആശ്രയമില്ലായിരുന്നു എന്നാണ്. അവൻ മലയിലേക്ക് കയിപ്പോകുന്നു എന്നത് അർഥമാക്കുന്നത് പ്രാർഥനയിൽ പിതാവിനോടു കൂടെയായിരിക്കുവാൻ അവൻ ആഗ്രഹിച്ചു എന്നാണ്.

മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുന്നത് നല്ലതാണ്, എന്നാൽ പലപ്പോഴും നാം നമ്മളാൽത്തന്നെ പ്രാർഥിക്കണം. നാം മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുമ്പോൾ, നാം കർത്താവിനോട് സ്വകാര്യമായി പ്രാർഥിക്കുന്നതുപോലെ കർത്താവിനെ ആഴത്തിൽ ആസ്വദിക്കുവാൻ കഴിയുകയില്ല. നാം പ്രാർഥിക്കുമ്പോൾ സ്വകാര്യമായി വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർഥിക്കണമെന്ന് കർത്താവായ യേശുവും നമ്മോട് പറഞ്ഞിട്ടുണ്ട് (6:6); അപ്പോൾ അവൻ നമ്മോട് എത്രമാത്രം ദൃഢബദ്ധനാണെന്നും നാം അവനോട് എത്രമാത്രം അടുപ്പമുള്ളവരാണെന്നുമുള്ള അനുഭൂതി നമുക്കുണ്ടായിരിക്കും. ജനക്കൂട്ടത്തെയും, നമ്മുടെ കുടുംബത്തെയും, നമ്മുടെ സുഹൃത്തുക്കളെയും, സഭയിലെ വിശുദ്ധന്മാരെയും വിട്ട് ഒരു "ഉയർന്ന മലയിൽ" ഒരു ഉന്നത തലത്തിലേക്ക് പോകുവാൻ നാം പഠിക്കണം. ജനക്കൂട്ടത്തിൽനിന്നും ഭൗമിക കാര്യങ്ങളിൽനിന്നും വേർപെട്ട്, പിതാവുമായി സ്വകാര്യമായും രഹസ്യമായും അടുത്ത ബന്ധം പുലർത്തുന്നതിന് നാം ഉന്നതമായ തലത്തിലേക്ക് കടക്കേണ്ടതുണ്ട്. താഴേത്തട്ടിലുള്ള ഭൗമിക കാര്യങ്ങളിൽനിന്നും വളരെ ഉയരത്തിലേക്ക്, വളരെ അകലേക്ക് നാം പോകേണ്ടതുണ്ട്.

ആൾക്കൂട്ടത്തിൽനിന്നും വേർപെട്ട്, സ്വകാര്യമായി പിതാവിനോടു കൂടെയായിരിക്കുവാനും അവനുമായി ദൃഢബദ്ധമായ കൂട്ടായ്മ രഹസ്യമായി ഉണ്ടായിരിക്കുവാനും നാം ഉയർന്ന തലത്തിലേക്ക് കടക്കേണ്ടതാവശ്യമാണ്. പ്രാർഥനയിൽ മലമുകളിൽ ആയിരിക്കുന്നതിന്റെ പ്രാധാന്യം ഇതാണ്.

## അത്ഭുതവിഷയത്തിന്റെ ആസ്വാദനത്തിൽ പങ്കെടുത്ത എല്ലാവരേയും അനുഗ്രഹിക്കണമെന്ന് പിതാവിനോട് അപേക്ഷിക്കുന്നു

ഈ അത്ഭുതത്തിനുശേഷം ഉടനെ കർത്താവായ യേശു മലയിലേക്ക് കയറിപ്പോയത് എന്തുകൊണ്ടാണെന്ന് നാം ചിന്തിക്കേണ്ടതാവശ്യമാണ്. യോഹന്നാൻ 6:27 നമുക്ക് കാരണം നൽകുന്നു. ഈ വാക്യം പറയുന്നത്, അത്ഭുതം പ്രവർത്തിച്ചതിനുശേഷം, കർത്താവ് പറഞ്ഞു, "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ നിങ്ങൾ പ്രവർത്തിക്കുവിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്ക് നൽകും; എന്തെന്നാൽ, അവനെ പിതാവ്, ദൈവം തന്നെ, മുദ്രയിട്ടിരിക്കുന്നു." താൻ ആഹാരം നൽകിയവരോട് കർത്താവ് പറഞ്ഞത് നശിച്ചുപോകുന്ന ആഹാരം അന്വേഷിക്കാതെ നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം അന്വേഷിക്കുക എന്നാണ്. ഈ വിധത്തിൽ പ്രാർഥിക്കുവാൻ കർത്താവായ യേശു മലയിലേക്ക് പോയി എന്ന് ഞാൻ വിശ്വസിക്കുന്നു: "പിതാവേ, നിന്റെ അനുഗ്രഹത്തിൻ കീഴിൽ ഞാൻ നിന്നോട് പ്രാർഥിക്കുന്നു. നിന്റെ അനുഗ്രഹം മുഖാന്തരം നീ അയ്യായിരംപേരെ പോഷിപ്പിച്ചു, എന്നാൽ പിതാവേ, അവർ നശിച്ചുപോകുന്ന ആഹാരം അന്വേഷിക്കുന്നു. അവർ നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരം അന്വേഷിക്കേണ്ടതിന് നീ അവരെ അനുഗ്രഹിക്കുവാൻ ഞാൻ നിന്നിലേക്ക് നോക്കുന്നു. പിതാവേ, ഞാൻ നിന്റെ അയയ്ക്കപ്പെട്ടവനാണെന്ന് നീ അറിയുന്നു. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം അവർക്ക് നൽകുവാൻ എനിക്കു മാത്രമേ കഴിയുകയുള്ളൂ, എന്നാൽ അവർ എന്നെ ഈ രീതിയിൽ അറിയുന്നില്ല. അവർക്ക് ഭൌതിക ആഹാരം കൊടുക്കുന്ന ഒരു അത്ഭുതം ചെയ്യുവാൻ കഴിയുമെന്നു മാത്രമേ അവർ അറിയുന്നുള്ളൂ. എന്നാൽ നിത്യജീവന്റേതായ ആഹാരം അവർക്ക് നൽകുവാൻ എനിക്ക് മാത്രമേ കഴിയൂ എന്ന് അവർ അറിയുന്നില്ല." ഈ വിധത്തിൽ അവരെ ഇനിയും അനുഗ്രഹിക്കുവാൻ കർത്താവ് പ്രാർഥിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു.

അവൻ പ്രാർഥിക്കുന്നതിനായി സ്വകാര്യമായി മലയിലേക്ക് കയറിപ്പോയി എന്നത് സൂചിപ്പിക്കുന്നത്, അത്ഭുതവിഷയത്തിന്റെ ആസ്വാദനത്തിൽ പങ്കെടുത്തവർ നശിച്ചുപോകുന്ന ആഹാരത്തിൽ തൃപ്തരായിരിക്കാതെ നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം അവർ അന്വേഷിക്കേണ്ടതിനും, താൻ മനുഷ്യപുത്രൻ മാത്രമല്ല, അവർക്ക് നിത്യജീവൻ നൽകുവാൻ കഴിയുന്ന പിതാവിനാൽ അയയ്ക്കപ്പെട്ടവനും മുദ്രയിടപ്പെട്ടവനുമാണെന്ന് അവർ തിരിച്ചറിയേണ്ടതിനും അവർ എല്ലാവരേയും അനുഗ്രഹിക്കണമെന്ന് പിതാവിനോട് ആവശ്യപ്പെടുന്നു എന്നാണ്. അയ്യായിരംപേർ അവനാൽ പോഷിപ്പിക്കപ്പെട്ടപ്പോൾ, അവൻ കഴിവുള്ള മനുഷ്യപുത്രനാണെന്ന് അവർ തിരിച്ചറിഞ്ഞു; എന്നാൽ അവൻ വാസ്തവത്തിൽ അയയ്ക്കപ്പെട്ടവൻ മാത്രമല്ല, പിതാവിനാൽ മുദ്രയിടപ്പെട്ടവനുമായ ദൈവപുത്രനാണെന്ന് അവർ തിരിച്ചറിഞ്ഞില്ല. അവനായിരുന്നു നിത്യജീവനുമായി ബന്ധപ്പെട്ട സാക്ഷാൽ അപ്പം അവർക്ക് നൽകുവാൻ കഴിഞ്ഞവൻ. ഇക്കാരണത്താൽ, യോഹന്നാൻ 6-ൽ അവന് മറ്റൊരു ഉപദേശം ഉണ്ടായിരുന്നു. താൻ സ്വർഗത്തിൽനിന്നുള്ള അപ്പമാണെന്ന്, ജീവന്റെ അപ്പമാണെന്ന്, യോഹന്നാൻ 6-ൽ കർത്താവ് വെളിപ്പെടുത്തി. ഒടുവിൽ, ഈ അപ്പം കേവലം തന്റെ വചനമാണെന്ന് അവൻ പറഞ്ഞു. "ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (വാ. 63). അവൻ വചനം സംസാരിക്കുന്നവനും അളവില്ലാതെ ആത്മാവിനെ

കൊടുക്കുന്നവനുമാണെന്ന് യോഹന്നാൻ 3:34 പറയുന്നു. ഈ വിധത്തിൽ അവനെ അറിയുന്നതിന് വെളിപാട് ആവശ്യമാണ്, അതിനാൽ അവൻ അവർക്കുവേണ്ടി സ്വകാര്യമായി മലയിൽവച്ച് പ്രാർഥിച്ചു.

**പിതാവിൽനിന്ന് ചില നിദേശങ്ങൾ സ്വീകരിക്കുന്നു**

പ്രാർഥിക്കുന്നതിനായി സ്വകാര്യമായുള്ള മലയിലേക്കുള്ള അവന്റെ കയറിപ്പോക്ക്, തന്റെ അത്ഭുതത്താൽ പോഷിപ്പിക്കപ്പെടുന്ന അയ്യായിരം ആളുകളെ എങ്ങനെ കരുതണം എന്നതിനെ സംബന്ധിച്ച ചില നിർദേശങ്ങൾ പിതാവിൽനിന്ന് സ്വീകരിക്കുവാൻ അവൻ ആഗ്രഹിച്ചു എന്നു സൂചിപ്പിക്കുന്നു.

മത്തായി 14-ന്റെ ഈ ക്രിസ്റ്റലൈസേഷൻ-പഠനത്തിൽ, കർത്താവിന്റെ വചനത്തിന്റെ അന്തഃസ്ഥിതമായ പ്രാധാന്യം കാണുന്നതിന് കർത്താവിൽനിന്നും നമുക്ക് എത്രമാത്രം വെളിപാട് ആവശ്യമാണെന്ന് നമുക്ക് കാണുവാൻ കഴിയും. അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ചതിന്റെ അത്ഭുതം കാണുന്നത് എളുപ്പമാണ്, എന്നാൽ ഈ വലിയ അത്ഭുതം ചെയ്തവനിൽനിന്ന് നാം പഠിക്കേണ്ട ആഴത്തിലുള്ള പാഠങ്ങൾ അറിയുന്നതിന് വെളിപാട് ആവശ്യമാണ്. ഈ പാഠങ്ങൾ അന്തഃസ്ഥിതവും, ആഴമേറിയതും, ജീവനിൽനിന്നുള്ളതും ആണ്. കർത്താവ് ചെയ്ത വലിയ അത്ഭുതം അറിയുന്നത് നമുക്ക് യാതൊരു ജീവനും നൽകുന്നില്ല. കർത്താവിന്റെ ബാഹ്യപ്രവൃത്തികളെ പ്രശംസിക്കുവാൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. എന്നാൽ അത്ഭുതം ചെയ്യുന്ന കർത്താവിന്റെ മാർഗത്തിൽനിന്ന് പഠിക്കുന്നതിനായി ജീവന്റെ പാഠങ്ങളെ സംബന്ധിച്ച എല്ലാ വിശദമായ കാര്യങ്ങളും കാണുന്നത് നമുക്ക് ജീവൻ നൽകുന്നു. ദൈവ-മനുഷ്യ ജീവിതത്തിലേക്ക് നമുക്ക് പ്രവേശിക്കുവാൻ കഴിയത്തക്കവണ്ണം കർത്താവിൽനിന്നും ഈ ജീവ പാഠങ്ങൾ നാം പഠിക്കേണ്ടതാവശ്യമാണ്. (*The Collected Works of Witness Lee, 1994–1997,* vol. 3, “The God-man Living,” pp. 561-566)